# Trichur Archdiocesan Bulletin

ഏപ്രിൽ 2018
വാല്യം: 85 ലക്കം: 04
ESTD:1934



TAB



പാവനസ്മരണകളിൽ

**മാർ ജോസഫ് കുണ്ടുകുളം**

ജനനം 26.09.1917

മരണം 26.04.1998





Trichur Archdiocesan Bulletin **TAB**

ESTD:1934


## ഏപ്രിൽ 2018

ലക്കം : 4 വാല്യം : 85

Imprimature
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203,
2333542 Fax : 2338205
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 04 |
| സി.ബി.സി.ഐ. അന്തിമ പ്രസ്താവന | 07 |
| കച്ചേരികാര്യം | 16 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 21 |
| സഹായമെത്രാന്റെ പരിപാടികൾ | 23 |
| നാളാഗമം | 25 |
| നാമകരണ നടപടികൾ | 30 |
| സാമ്പത്തിക കാര്യാലയം | 32 |
| വൈദികർ | 33 |
| സന്യസ്തർ | 36 |
| അതിരൂപത തീർത്ഥകേന്ദ്രം | 40 |
| മതബോധനം | 42 |
| സ്ഥാപനങ്ങൾ | 49 |
| സംഘടനകൾ | 75 |



# സർക്കുലർ

558/2018 C-3
10/03/2018

**മാർ ആൻഡ്രൂസ് താഴത്ത്**

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കർത്താവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരിക്കുന്ന രക്ഷാകരദിനങ്ങളായ വലിയ ആഴ്ച്ചയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഈ അവസരത്തിൽ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യാനാണ് ഞാൻ ഈ സർക്കുലർ എഴുതുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭ ഇന്ന് പീഡിപ്പിക്കപ്പെടുന്നുണ്ട്. സഭയുടെ സുവിശേഷവൽക്കരണപ്രവർത്തനങ്ങൾ വലിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സഭയ്ക്കുപുറത്തുനിന്ന് എന്നതുപോലെ സഭയ്ക്കകത്തുനിന്നും ഉടലെടുത്തുകൊണ്ടിരിക്കുന്ന അനേകം പ്രതിസന്ധികൾ ഇന്ന് സഭയെ ബലഹീനമാക്കിക്കൊണ്ടിരിക്കുന്നു എന്നത് വേദനാജനകമാണ്. പ്രതിസന്ധിഘട്ടങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവാൻ (എഫേ. 6:16; മത്താ. 26:41) യേശു നമ്മോട് ആവശ്യപ്പെടുന്നുണ്ടല്ലോ.

ഏതാനും നാളുകളായി സീറോ മല ബാർ സഭ കടന്നുപോകുന്ന (പ്രത്യേകിച്ചും എറണാകുളം കേന്ദ്രമായി നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളുടെ പശ്ചാത്ത ലത്തിൽ), പ്രതിസന്ധികൾ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥ നയും പരിഹാരപ്രവൃത്തികളും ആവശ്യപ്പെടുന്നു. സഭയുടെ ആത്മാർത്ഥതയും കൂട്ടായ്മയും ക്രിസ്തീയസ്നേഹവും നഷ്ടപ്പെ ടുന്ന വിധത്തിലുള്ള പ്രവർത്തന ങ്ങളും ചർച്ചകളും സഭയെ എന്തു മാത്രം തളർത്തുന്നു എന്ന് നമുക്ക് അറിയാവുന്നതാണല്ലോ. നിനിവേ യിലെ ജനത്തെപ്പോലെ, ദൈവ ജനം മുഴുവൻ ചാക്കുടുത്ത്, ചാരം പൂശി, ദൈവത്തിന്റെ കരുണക്കായി യാചിക്കേണ്ട നിർണായക നിമിഷ ങ്ങളാണ് വന്നുചേർന്നിരിക്കുന്നത്. പീലാത്തോസ് പീഡിപ്പിച്ച ഗലീലി ക്കാരും (ലൂക്കാ 13:1–3), ശീലോഹാ യിലെ ഗോപുരം ഇടിഞ്ഞുവീണ് കൊല്ലപ്പെട്ടവരും (ലൂക്കാ 13:4–5) മറ്റുള്ളവരേക്കാൾ പാപികളായിരു ന്നില്ല എന്ന് ഈശോ വ്യക്തമാ ക്കിയിട്ടുണ്ടല്ലോ. സഭയിലും പൊതുസമൂഹത്തിലും കാണുന്ന അസ്വസ്ഥതകളോടു പ്രതികരിക്കേ ണ്ടത് പരസ്പരം പഴിചാരിക്കൊ ണ്ടല്ല, മറിച്ച്, നമ്മിലേക്കുതന്നെ തിരിഞ്ഞ്, നാമെല്ലാവരും പശ്ചാത്ത പിച്ചുകൊണ്ടാണെന്ന് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നു (ലൂക്കാ 13:3 –5).

നാം ഒന്നായിരിക്കുന്നതിനുവേണ്ടി പ്രാർത്ഥിച്ച കർത്താവ് നമ്മുടെ കൂടെയുള്ളിടത്തോളം നമുക്ക് പ്രത്യാശ നഷ്ടപ്പെടേണ്ടതില്ല. കർത്താവിൽ പരിപൂർണമായി ആശ്രയിച്ച്, അവിടുത്തെ കരുണ സകലർക്കും, പ്രത്യേകിച്ച് നമ്മുടെ സീറോമലബാർ സഭയ്ക്കും, ലഭിക്കുന്നതിനു വേണ്ടി നമുക്ക് ഈ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കാം.

സഭയിൽ നിലനില്ക്കുന്ന സംഘർഷങ്ങളും അശാന്തിയും കെട്ടടങ്ങി സമാധാനത്തിന്റെയും പരസ്പരധാരണയുടെയും അന്ത രീക്ഷം സംജാതമാകുന്നതിനു വേണ്ടി എല്ലാ പള്ളികളിലും സന്യാ സഭവനങ്ങളിലും പരിശീലനകേന്ദ്ര ങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ (സാധിക്കുമെങ്കിൽ ആരാധനയോ ടുകൂടി) നോമ്പുകാലത്തിലെ തുടർന്നുള്ള ദിവസങ്ങളിൽ നട ത്തുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.



അടുത്തുവരുന്ന ഉയിർപ്പു തിരുനാളിന്റെ ആശംസകൾ നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

NB: 1. ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച (സാധിക്കുമെങ്കിൽ 11.03.2018) എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

**താഴെ പറയുന്ന കാര്യങ്ങൾക്കൂടി ജനങ്ങളെ അറിയിക്കേണ്ടതാണ്.**

2. തൃശ്ശൂർ അതിരൂപതാദിനം 2018 മെയ് 19ന് ശനിയാഴ്ച പറപ്പൂർ ഫൊറോനപ്പള്ളിയിൽ വച്ച് നടക്കുന്നു. എല്ലാ വൈദികരും സമർപ്പിതസമൂഹങ്ങളിലെ സുപ്പീരിയർമാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും കൈക്കാരന്മാരും രാവിലെ 9:30 മണിക്കുതന്നെ എത്തിച്ചേരാൻ താത്പര്യപ്പെടുന്നു.

3. പാലയൂർ മഹാതീർത്ഥാടനം മാർച്ച് 18ന് നടക്കുന്നു. എല്ലാവരുടെ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു.

4.ശ്രീ. സൂര്യ കൃഷ്ണമൂർത്തിയുടെ 'എന്റെ രക്ഷകൻ'േ എന്ന നാടകം (മാർച്ച് 21–23) അരങ്ങേറുന്നു, വിവരം നോട്ടീസ് വഴി അറിയിക്കും. ജനങ്ങളെ സഹകരിപ്പിക്കുമല്ലോ.

5.ദൈവവിളി പ്രോത്സാഹനത്തിന് നടപടികൾ സ്വീകരിക്കണം.

6.കത്തോലിക്കാകോൺഗ്രസ്സിന്റെ ശതാബ്ദിയാഘോഷം സീറോ മലബാർ സഭാംഗങ്ങളുടെ ആഗോളസമ്മേളനമായി തൃശ്ശൂരിൽ വച്ച് 2018 മെയ് 13–ന് നടത്താൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ ഇടവകകളിൽ നിന്നും കഴിയുന്നത്ര എല്ലാവരെയും പങ്കെടുപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

7. മാർച്ച് 26ന് ലൂർദ്ദ് കത്തീഡ്രലിൽ വച്ച് വൈദിക–സമർപ്പിത വിശുദ്ധീകരണദിനം ആചരിക്കുന്നു. മൂറോൻ കൂദാശകർമ്മവും നടത്തുന്നു. എല്ലാവരെയും ക്ഷണിക്കുന്നു. +AT

# സി.ബി.സി.ഐ.
# 33 – ാം ജനറൽബോഡി മീറ്റിങ്ങ്
### ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)

### ബാംഗ്ലൂർ, ഫെബ്രുവരി 2 – 9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും
ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്:
"യുഗാവസാനം വരെ ഞാൻ എപ്പോഴും
നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20).

## അന്തിമ പ്രസ്താവന

**മുഖവുര**

നമ്മുടെ ജനറൽ ബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടു ക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അതു മൂന്ന് സ്വയം ഭരണാധികാരമുള്ള (*sui iuris*) സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33–ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി



2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: ''കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20).

നമ്മുടെത്തന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ – ഭാരതീയ കത്തോലിക്കാ മെത്രാന്മാർ – ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ)യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

**യേശുവിന്റെ ദൗത്യം**

മനുഷ്യവംശത്തെമുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശുതന്നെയാണ് സദ്വാർത്ത. അവിടന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നല്കുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിലും പാപികൾക്കു പാപപ്പൊറുതി നല്കുന്നതിലും ദരിദ്രർക്ക് നീതി നല്കുന്നതിലും മരിച്ചവർക്ക് ജീവൻ നല്കുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

**ഭാരതത്തിലെ സഭ**

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾ വഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും

ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്.

സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്കു ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെ: "നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേയുള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലു സ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23–ാമൻ, "ഭൂമിയിൽ സമാധാനം").

**യഥാർഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ**

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐകരൂപ്യത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർഥ ഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലുംഅങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും – പെട്ടെന്നോ പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമു

ദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തിക സ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. " ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടതു ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

**മനുഷ്യജീവൻ എന്ന അമൂല്യദാനം**

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വപരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ടു മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

**സഭയുടെ കാരുണ്യദൗത്യം**

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനുമാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി – പ്രത്യേകിച്ച് ദളിതർ ഗോത്രവർഗക്കാർ, പിന്നോക്കം നില്ക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി – ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണു അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്കപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

**സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു:**

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മകവിശ്വാസത്തിനുചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.
2. അല്മായരും സന്ന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജിവിതത്തിന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.
3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുക



ളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.

4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്തപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നല്കണം.

5. നമ്മുടെ യുവജനത്തെ യഥാർഥ ക്രൈസ്തവജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവധർമം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.

6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമാണത്തിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർഥികളെയും വൈദികരെയും സന്ന്യസ്തരെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമാണത്തിനു അവർ കാര്യക്ഷമമായ സംഭാവന നല്കാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ “All India Catholic Education Policy 2007” എന്ന നയം ബോധപൂർവം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ നല്കാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനില്ക്കാനാവുന്നതും സഹകരണപരവുമായിരിക്കണം.

16. സിബിസിഐയുടെ ദളിത് ശാക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗ



ക്കാരുടെയും മറ്റുള്ള പിന്നാക്കവർഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടിത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നല്കാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നല്കുവാനാണത്.

17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.

19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താകേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിരസ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവം സംവദിക്കാനുമാണത്.

**ഉപസംഹാരം**

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ

ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണ്" (വാഴ്ത്തപ്പെട്ട പോൾ 6–ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം,* നമ്പർ 14). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസിസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം*, നമ്പർ 133). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണമായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏല്പിക്കുന്നു.

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**
പ്രസിഡന്റ്
കാത്തലിക് ബിഷപ്സ് കോൺഫ്രറൻസ് ഓഫ് ഇന്ത്യ
ഫെബ്രുവരി 9, 2018

[ വിദൂരത്തിൽനിന്ന് കർത്താവ് അവന് പ്രത്യക്ഷനായി അരുൾച്ചെയ്തു: "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും."
*ജെറമിയാ 31:3* ]

# കച്ചേരി
## വാർത്തകൾ

**ഓർമിക്കേണ്ട ദിവസങ്ങൾ**

**ഏപ്രിൽ 2018**

1 : **ന. കർത്താവീശോ മിശിഹായുടെ ഉയിർപ്പുതിരുനാൾ**
**ഉയിർപ്പ് ഒന്നാം ഞായർ**
6 : ആദ്യവെള്ളി
8 : **ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)**
15 : **ഉയിർപ്പ് മൂന്നാം ഞായർ**
22 : **ഉയിർപ്പ് നാലാം ഞായർ**
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
28 : സിയന്നായിലെ വി. കത്രീന
29 : **ഉയിർപ്പ് അഞ്ചാം ഞായർ**
മാർ അദ്ദായി

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഏപ്രിൽ | 02 : | | ദൈവവിളിവാരം ആരംഭിക്കുന്നു |
| | 06 : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 12 : | 02:30 pm | സ്ഥാപന ഡയറക്ടർമാരുടെ യോഗം |
| | 19 : | 10:00 am | ഏകദിനവൈദികസമ്മേളനം |
| | 25 : | 10:00 am | അതിരൂപത ആലോചനസമിതിയോഗം |

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്, ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വ



ത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസ ത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളി നോടനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതു പോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്ക പ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെ ഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവ നോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമ. 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു.അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോ ദീസ നല്കുക ഉചിതമായിരിക്കും.

**3. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 22ന് ഉച്ചകഴിഞ്ഞ് 2.00ന് സെന്റ് മേരീസ് മൈനർ സെമിനാരി യിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

| **a) മ്ശംശാനപ്പട്ടം** | **ഇടവക** | **സെമിനാരി** |
|---|---|---|
| 1) ചിറയത്ത് ജീൻ | – ഒളരിക്കര | (കോട്ടയം) |
| 2) കണ്ണനായ്ക്കൽ സജിൽ | – പോന്നോർ | (മേരിമാത) |
| 3) കിഴക്കേകണ്ണൻചിറ ഫ്രിന്റോ | – പഴയന്നൂർ | (ആലുവ) |
| 4) കൊളമ്പ്രത്ത് ഡിക്സൻ | – എറവ് | (മേരിമാത) |
| 5) മുരിങ്ങാത്തേരി ഗ്രിജോ | – കിരാലൂർ | (മേരിമാത) |

6) പെട്ടയിൽ നോബിൾ - പട്ടിക്കാട് (മേരിമാത)
7) രായപ്പൻ ആന്റോ - കല്ലൂർ പടിഞ്ഞാറ് (മേരിമാത)
8) തണ്ടാശ്ശേരി കാനേഡിയൻ - ചേർപ്പ് (മേരിമാത)
9) താണിക്കൽ അനുവിൻ - കാരമുക്ക് (മേരിമാത)

**b) ഹെവുപ്പദ്യാക്ക്നപ്പട്ടം**

1. അന്തിക്കാട്ട് സന്തോഷ് - ചേറൂർ (പൂന)
2. ചാലിൽ അനു - കണ്ണാറ (മേരിമാത)
3. ചിറയത്ത് ഫെബിൻ - പാറന്നൂർ (മേരിമാത)
4. ചിറ്റിലപ്പിള്ളി അൻവിൻ - തിരൂർ (കോട്ടയം)
5. ചിറ്റിലപ്പിള്ളി ജോസഫ് - പുറനാട്ടുക്കര (മേരിമാത)
6. ചൂണ്ടൽ ലിവിൻ - മുണ്ടൂർ (മേരിമാത)
7. കൊള്ളന്നൂർ അജിത്ത് - പാലയ്ക്കൽ (ആലുവ)
8. മാളിയേക്കൽ ജിജോ - വടൂക്കര (പൂന)
9. മങ്ങാട്ടിലയൻ മേജോ - തിരൂർ (മേരിമാത)
10. മാറോക്കി ഷിന്റോ - മരത്താക്കര (മേരിമാത)
11. നെടുമ്പാക്കാരൻ യേശുദാസ് - ചിയ്യാരം വിജയമാത (ആലുവ)
12. പള്ളിക്കുന്നത്ത് ഷിജോ - മണ്ണലൂർ കിഴക്ക് (മേരിമാത)
13. പുത്തൂർ പ്രകാശ് - ഗുരുവായൂർ (മേരിമാത)
14. തരകൻ റോജർ - തിരൂർ (മേരിമാത)
15. തട്ടിൽ ട്രെജിൻ - പടവരാട് (ആലുവ)
16. വട്ടക്കുഴി ഗ്ലാഡ്രിൻ - കല്ലൂർ വെസ്റ്റ് (മേരിമാത)
17. വെളിയൻ സെബി - വരാക്കര സൗത്ത് (കോട്ടയം)

**c)കാറോയപ്പട്ടം**

1. അറക്കൽ സ്റ്റീഫൻ - പഴുവിൽ (ആലുവ)
2. അക്കരപ്പട്ട്യേക്കൽ നിർമ്മൽ - ആമ്പക്കാട് (മേരിമാത)
3. ചെമ്മണ്ണൂർ ലിബിൻ - കോട്ടപ്പടി (മേരിമാത)
4. ചിറ്റിലപ്പിള്ളി അജിത് - തിരൂർ (മേരിമാത)
5. ചുങ്കത്ത് മിഥുൻ - ചേറൂർ (കോട്ടയം)
6. മങ്ങാട്ടിലിയൻ ജോമോൻ - തിരൂർ (ആലുവ)
7. മഞ്ഞളി ബിനോയ് - മരത്താക്കര (കോട്ടയം)
8. മുക്കാടയിൽ ജിൻസൺ - വെള്ളാനിക്കോട് (മേരിമാത)
9. മുത്തുപ്പീടിക മേജോ - വല്ലച്ചിറ (മേരിമാത)
10. നെല്ലങ്കര ജിതിൻ - അരിമ്പൂർ (മേരിമാത)
11. പടിഞ്ഞാക്കര അഭിജിത്ത് - ചിയ്യാരം വിജയമാത (മേരിമാത)
12. താണിക്കൽ ജോമോൻ - പുതുക്കാട് (മേരിമാത)
13. ഊക്കൻ സിബിൻ - തലോർ (കോട്ടയം)
14. ഊക്കൻ തോമസ് - അരിമ്പൂർ (മേരിമാത)
15. വടക്കേത്തല മിഥുൻ - കാരമുക്ക് വടക്ക് (മേരിമാത)

**4. അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 19ന് പറപ്പൂർ ഫൊറോന യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

**5. ഡയറക്ടറി – അനുബന്ധം:**

2017ലെ അതിരൂപതാഡിറക്ടറിക്ക് ഒരു അനുബന്ധം തയ്യാറാക്കി യിട്ടുണ്ട്. 2018ലെ വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം പുതുക്കിയ അഡ്രസ്സും ഫോൺ നമ്പറും അടങ്ങുന്ന അനുബന്ധം റഫറൻസിനുള്ള സൗകര്യത്തിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നു. 2017ലെ അതിരൂ പതാഡിറക്ടറിയിൽ കൊടുത്തിരിക്കുന്ന മറ്റു വിശദാംശങ്ങൾ ഈ അനു ബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

**6. വൈദികക്ഷേമനിധി:**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദി കർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളു ടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കു മല്ലോ.

**7. മൈനർ സെമിനാരി ബേഴ്സ്:**

അതിരൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിന് സാമ്പത്തികമായി സഹായിക്കുവാൻ മൈനർ സെമിനാരിയിൽ സ്ഥാപി ക്കുന്ന ബേഴ്സ് സംഖ്യ 25,000/– (ഇരുപത്തിയയ്യായിരം) രൂപയിൽ നിന്ന് 30,000/– (മുപ്പതിനായിരം) രൂപയായി ഉയർത്തിയിരിക്കുന്നു. ബഹു. വികാരിമാർ ഇക്കാര്യം ശ്രദ്ധിക്കണം.

**8. പാലയൂർ മഹാതീർത്ഥാടനം :**

ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനത്തിന്റെ വിജയ ത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി. ജനറൽ കൺവീനർ ഫാ. ജോഷി ആളൂർ, പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോസ് പുന്നോ ലിപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എല്ലാവർക്കും വിവിധ കമ്മറ്റിയംഗങ്ങൾക്കും മറ്റു സഹായസഹകരണങ്ങൾ നൽകിയ വർക്കും പ്രത്യേകിച്ച് എല്ലാ ബഹു. വൈദികർക്കും തീർത്ഥാടനത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസികൾക്കും പ്രത്യേകം നന്ദി.

**9. വൈദിക ഏകദിനസമ്മേളനം:**

ഏപ്രിൽ 19ന് രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നു. ബഹു. വൈദികർ പങ്കെടുക്കാൻ പ്രത്യേകം താത്പ ര്യപ്പെടുന്നു.

**10. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**11. പുതിയ ഫോൺ:**

ചാഴൂർ പള്ളി – 0487 2275400

ആറ്റത്ര പള്ളി – 9188182890 (ലാന്റ് ഫോൺ നമ്പർ നിലവിലില്ല)

**12. വൈദികരുടെ നിയമനം :**

1. ഫാ. സൈജൻ വാഴപ്പിള്ളി – ചികിത്സാവധി; വികാരി & കപ്ലോൻ പേരകം ഒഴിവായി; സാധുത 2018 ഫെബ്രുവരി 7 മുതൽ.
2. ഫാ. റാഫേൽ കോക്കാടൻ CMI – സഹവികാരി എൽത്തുരുത്ത് ഒഴിവായി; സാധുത 2018 ജനുവരി 31 മുതൽ.
3. ഫാ. മാർവിൻ കുറ്റിക്കാടൻ CMI – സഹവികാരി എൽത്തുരുത്ത്; സാധുത 2018 ജനുവരി 31 മുതൽ.
4. ഫാ. ലിന്റോ കാഞ്ഞൂത്തറ CMI – സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2018 ജനുവരി 31 മുതൽ.
5. ഫാ. ജോമോൻ വാഴപ്പിള്ളി CMI – സഹവികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2018 ജനുവരി 31 മുതൽ.
6. ഫാ. ബിജോ ജോസ് ചാലിശ്ശേരി – വികാരി & കപ്ലോൻ എടക്കളത്തൂർ ഒഴിവായി; സാധുത 2018 ഫെബ്രുവരി 24 മുതൽ.
7. ഫാ. ജിബിൻ താഴേക്കാടൻ – നടത്തുവികാരി & കപ്ലോൻ എടക്കളത്തൂർ; സാധുത 2018 ഫെബ്രുവരി 24 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ

ഉത്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം
ഒരുമുഴമെങ്കിലും കൂട്ടാൻ
നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?
*മത്തായി 6: 27*

# മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

## APRIL 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | | Easter Holy Mass at Lourdes |
| 02 | Mon | Morning | Vocation Week Inauguration Holy Mass at Lourdes |
| | | Evening | Mattom Pilgrim Centre Jubilee |
| 03 | Tue | Morning | Holy Mass at DBCLC- Girls' Vocation Camp; Curia Meeting |
| | | | **For Priests and Religious** |
| | | Evening | MPC Resourse Persons' Meet at Family Apostolate |
| 04 | Wed | Morning | Jubilee Holy Mass at Nirmala Convent SABS Thrissur |
| | | Afternoon | Blessing of Studio- MMB at Mariapuram |
| | | Evening | Centenary Celebration at Mangad |
| 05 | Thu | Morning | Holy Mass at Minor Seminary - Vocation Camp for Boys (I) |
| | | | Episcopal Ordination of Mar John Nellikkunel at Idukki |
| 06 | Fri | Morning | Holy Mass and blessing of Karunyabhavanam at Arimboor |
| | | | Curia Meeting |
| | | Evening | Finance Council |
| 07 | Sat | | Holy Mass at Minor Seminary - Vocation Camp for Boys (II) |
| | | | **For the People** |
| 08 | Sun | | Pastoral Visit at Pullamkandam |
| 09 | Mon | Evening | Holy Mass at Paravattani |
| 10 | Tue | Morning | MMB- Synaxis Holy Mass at Mariapuram; Curia Meeting |

| | | | |
|---|---|---|---|
| | | Evening | Jubilee Mission Trust Meeting |
| 11 | Wed | | Engaged |
| 12 | Thu | Noon | Directors' Meet- Institutions |
| 13 | Fri | Morning | Curia Meeting; Moral Science Scholarship distribution at POC, Palarivattom |
| 14 | Sat | Morning | 5th Child Baptism at Madakkathara |
| | | Noon | Regents' Directors meet |
| 15 | Sun | | Pastoral Visit at Mayannur |
| 16-18 | | | Sagar (Bhopal)- Episcopal Ordination of Mar James Athikkalam |
| 19 | Thu | Morning | Priests' One day Seminar |
| 20 | Fri | Morning | Holy Mass at Alagappanagar |
| | | | Curia Meeting |
| | | | **For Priests and Religious** |
| | | Evening | CSC Synaxis at Koorkenchery |
| 21 | Sat | Morning | POC Jubilee at Palarivattom |
| | | Noon | Excel Merit Day (IAS Academy) at Avinissery |
| 22 | Sun | | Pastoral Visit at Parakkad |
| 23 | Mon | Morning | Final vows- Holy Mass at Manjakunnu |
| 24 | Tue | Morning | Curia Meeting; **For the People** |
| 25 | Wed | | Consultors' meeting |
| 26 | Thu | Morning | Mar Kundukulam Commemorate Holy Mass at Lourdes |
| | | Noon | Holy Mass at Minor Seminary – Selection Camp |
| | | | Home Day Celebration of Grace Home |
| 27 | Fri | Morning | Curia Meeting |
| 28 | Sat | Morning | Jubilee Holy Mass at Chunangumveli |
| 29 | Sun | | |
| 30 | Mon | Morning | Jubilee Holy Mass at Karoor |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

# APRIL 2018

| Date | Day | Time | Description |
|---|---|---|---|
| **1** | **Sun** | Morning | Basilica, Easter Qurbana, Easter mass Central jail, Trichur |
| 2 | Mon | Evening | D. B. C. L. C., Qurbana - Vocation Camp for Girls |
| 3 | Tue | Morning | Curia Meeting, Mulayam SJB- Diconate Ordination |
| | | Evening | Family Apostolate- MPC Resource Persons' Meeting, Minor Seminary- Qurbana - Vocation camp for boys |
| 4 | Wed | Morning | Mukkattukkara- Baptism, Engaged |
| | | Evening | DBCLC- EXCEL Resident Camp Inauguration |
| 5 | Thu | | Episcopal Ordination Idukki |
| 6 | Fri | Morning | Curia Meeting, For the People |
| | | Evening | Pazhuvil Pilgrim Centre- St Antony's Feast *Kodikayttam* Mass,*Sampathika samithi Yogam* |
| 7 | Sat | Morning | Engaged |
| | | Afternoon | Journey to Thiruvassa (Vapi) |
| **8** | **Sun** | | Puthunjayar at Thiruvassa (Vapi) *Thirunaal Qurbana* |
| 9 | Mon | | Engaged at Thiruvassa (Vapi) |
| 10 | Tue | Morning | Curia Meeting, Vailathur- Feast Mass |
| | | Evening | Editorial Meeting- *Catholica Sabha*, Jubilee Mission Hospital Trust Meeting |

| | | | |
|---|---|---|---|
| 11 | Wed | Morning | Ponganamkad- Holy Mass Srs. of Mercy Convent Feast |
| | | Evening | Engaged |
| 12 | Thu | Morning | For the Priests |
| | | Afternoon | *Sthapana* Directors' Meeting |
| 13 | Fri | Morning | Mass at Amballur, Curia Meeting |
| | | Evening | Mattom- Holy Mass |
| 14 | Sat | Morning | Engaged |
| | | Afternoon | Vestition- SABS Chettupuzha |
| Evening | | | Padavarad- Parishday |
| **15** | **Sun** | Morning | Holy Mass- Samaritan Sisters Mannuthy, Kaveed- Festal Holy Mass |
| | | Evening | Nadampadam- Festal Holy Mass |
| 16 | Mon | Morning | For the People |
| | | Afternoon | Engaged |
| 17 | Tue | Morning | Curia Meeting, Vestition- CSC Kolazhy Generalate |
| 18- 30 | | | Leuven |

നിന്റെ എല്ലാ പ്രവൃത്തികളും
ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന്
നിനക്ക് വഴി തെളിച്ചുതരും. *സുഭാ. 3:6*



# നാളാഗമം

## ഫെബ്രുവരി 2018

01–09—അഭിവന്ദ്യ പിതാക്കന്മാർ ബാംഗ്ലൂരിൽ സി. ബി. സി. ഐ. യോഗത്തിൽ സംബന്ധിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ഡിഗ്രി പഠിക്കുന്ന സെമിനാരി വിദ്യാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ സേക്രഡ് ഹാർട്ട് എൽ. പി. സ്കൂൾ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. ശേഷം വിദേശത്തു സേവനം ചെയ്യുന്ന വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അരിമ്പൂർ ഹൈസ്കൂൾ കെട്ടിടം വെഞ്ചരിച്ചു. കാൽവരി ആശ്രമത്തിൽ ഫ്രാൻസിസ്കൻ കൂട്ടായ്മയിൽ പങ്കെടുത്തു. ചേറ്റുപുഴ എസ്. എ. ബി. എസ്. സന്യാസിനീസമൂഹത്തിലെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസ ലൂർദ്ദ് കത്തീഡ്രൽ

ദൈവാലയത്തിൽ നൽകി. തുടർന്ന് ഒളരിക്കര നവജ്യോതി പ്രോവിൻഷ്യൽ ഹൗസിൽ ബഹു. സി. അമാറ്റയുടെ മൃത സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് മുണ്ടത്തിക്കോട് സി. കെ. സി. എൽ. പി. സ്കൂൾ പ്രധാനാധ്യാപകന്റെ വിരമിക്കൽ ചടങ്ങിൽ പങ്കെടുത്തു.

11. അഭിവന്ദ്യ പിതാവ് രാവിലെ അമലനഗർ ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മണ്ണംപേട്ട ഇടവകയിൽ നവതി ആഘോഷങ്ങളുടെ ഭാഗമായി വി. ബലിയർപ്പിച്ചു. 2 ഭവനങ്ങളുടെ താക്കോൽദാനം നിർവഹിച്ചു. വൈകിട്ട് അഭിവന്ദ്യപിതാക്കന്മാർ ആലപ്പുഴ അർത്തുങ്കൽ കത്തീഡ്രൽ പള്ളിയിൽ റവ. ജെയിംസ് ആനാപ്പറമ്പിലിന്റെ മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിഭൂതി തിരുക്കർമ്മങ്ങൾക്ക് ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പാലയൂരിൽ വ്രതാരംഭകൂട്ടായ്മയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ ബസിലിക്കയിൽ വിഭൂതിയുടെ തിരുക്കർമ്മങ്ങളോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് അളഗപ്പനഗറിൽ സി. എൽ. സി. ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയും യുവജനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

13. അഭിവന്ദ്യപിതാക്കന്മാർ വൈദികമാസധ്യാനത്തിൽ പങ്കെടുത്തു. വൈകിട്ട് ദീപിക പത്രത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ശേഷം ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തയ്യൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മണ്ണംപേട്ട ഇടവകയിൽ കൃപാഗ്നി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ വെസ്റ്റ് ഫോർട്ട് നിർമ്മലാലയം കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഗുരുവായൂരിൽ എസ്. എഫ്. എ. മീറ്റിംഗിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്തു. വൈകിട്ട് ഫാ. പോൾ പൂവ്വത്തിങ്കൽ സി. എം. ഐ. യുടെ നേതൃത്വത്തിൽ നടത്തിയ പുത്തൻപാന, ഭരതനാട്യ-സംഗീത കച്ചേരി തൃശ്ശൂർ റീജണൽ തിയ്യറ്ററിൽ

ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് പ്രീസ്റ്റ് അസംബ്ലിയുടെ ഫോളോ-അപ് മീറ്റിംഗിൽ പങ്കെടുത്തു. ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കുടുംബകൂട്ടായ്മ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

16. അതിരൂപത ആലോചനസമിതിയോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് AHPI Global Conclave കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സമ്മാനവിതരണവും സന്ദേശവും നൽകി. അഭിവന്ദ്യ ടോണി പിതാവ് മമ്മിയൂർ കോൺവെന്റിൽ 40 മണിക്കൂർ ആരാധന വി. കുർബാനയോടുകൂടി ആരംഭിച്ചു. ഉച്ചക്ക് കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് പറോക്കിന്റെ കോർ ഗ്രൂപ്പ് കൂടി. ശേഷം പാലയൂർ തീർത്ഥാടനജാഗരണപദയാത്ര ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യപിതാക്കന്മാർ കത്തോലിക്കാസഭ പത്രത്തിന്റെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചെന്നായ്പ്പാറയിൽ ബഹു. ജോർജ്ജ് കുറ്റിക്കലച്ചന്റെ അനുസ്മരണദിവ്യബലിയർപ്പിച്ചു. ഭരണങ്ങാനത്ത് എം. എസ്. ടി. സന്യാസസമൂഹത്തിന്റെ ജൂബിലികുർബാനയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് തോമസ് കോളേജ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ സെമിനാറിൽ പങ്കെടുത്തു. വൈകിട്ട് പാടൂർ വാണിവിലാസം സ്കൂൾ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. പൊങ്ങണംകാട് ഇടവകധ്യാനത്തിൽ സന്ദേശം നൽകി.

18. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് നടന്ന അതിരൂപത ദർശനസമൂഹത്തിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചക്ക് ഡി. ബി. സി. എൽ. സി. യിൽ ചേർന്ന കൈക്കാരന്മാരുടെയും കുടുംബക്കൂട്ടായ്മ കൺവീനർമാരുടെയും യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് പൊങ്ങണംകാട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തി ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് പുതുക്കാട് പള്ളിയിൽ വച്ച് നടന്ന അതിരൂപതാദർശനസമൂഹത്തിന്റെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മണ്ണുത്തി സി. എച്ച്. എഫ്. ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. ശേഷം ആലുവ മേജർ സെമിനാരി കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ കമ്മീഷൻ സന്ദർശനത്തിനായി ആലുവ സെമിനാരിയിലേക്കു പോയി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റിൽ CCWI മീറ്റിംഗിൽ പങ്കെടുത്തു. സെന്റ് തോമസ് കോളേജ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് കൂടി.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആലുവ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ആമ്പല്ലൂർ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജ് കോമേഴ്സ് ഡിപ്പാർട്ട്മെന്റ് ഡേയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സി. മോനിക്ക സി. എസ്. എം. ന്റെ മൃതസംസ്കാരശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് അയ്യന്തോൾ സ്കൂളിൽ റിട്ടയർമെന്റ് പ്രോഗ്രാമിൽ പങ്കെടുത്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് പോൾ ഗുരുകുലത്തിൽ വിദ്യാർത്ഥികളെ കാണുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. മാർച്ച് 21 മുതൽ 24 വരെ നടക്കാനിരിക്കുന്ന 'എന്റെ രക്ഷകൻ' എന്ന നാടകത്തോടനുബന്ധിച്ചുള്ള പത്രസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മണലൂർ പടിഞ്ഞാറ് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വൈകിട്ട് അസംബ്ലി ഒരുക്കകമ്മറ്റി കൂടി. ഐ. ടി. സെൽ മീറ്റിംഗിന് നേതൃത്വം വഹിച്ചു.

22. അഭിവന്ദ്യ പിതാക്കന്മാർ അതിരൂപത ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. ഭരണങ്ങാനത്ത് എം. എസ്. ടി. ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് പി. ഒ. സി. യിൽ നടന്ന കോളേജ് മാനേജ്മെന്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വിവാഹ ഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. പാവറട്ടി നേഴ്സിംഗ് സ്കൂളിൽ ലാമ്പ് ലൈറ്റിംഗ് പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിറ്റാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചതിരിഞ്ഞ് തയ്യൂർ ഇടവകയിൽ ആരംഭിച്ച എസ്. എ. ബി. എസ്. സന്യാസിനീസമൂഹത്തിന്റെ പുതിയ മഠത്തിന്റെ ആശീർവാദകർമ്മം നിർവഹി

ച്ചു. വൈകിട്ട് ലുലു കൺവെൻഷൻ സെന്ററിൽ നടന്ന ദീപികയുടെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു സംസാരിച്ചു. അഭിവന്ദ്യ ടോണി പിതാവ് കൂർക്കഞ്ചേരി സി. എസ്. സി. പ്രോവിൻഷ്യൽ ഹൗസിൽ വി. ബലിയർപ്പിച്ചു. തുടർന്ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ റിസർച്ച് സെമിനാറിൽ പങ്കെടുത്തു. അരണാട്ടുകര പള്ളിയിൽ വി. ബലിയർപ്പിച്ചു. വെട്ടുകാട് സ്നേഹാശ്രമം ചാപ്പൽ വെഞ്ചരിച്ചു. കൊട്ടേക്കാട് അസംപ്ഷൻ കോൺവെന്റിൽ ബഹു. സി. സാംസന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മുക്കാട്ടുകര സെന്റ് ജോർജ്ജ് യു. പി. സ്കൂളിൽ റിട്ടയർമെന്റ് പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഏനാമ്മാവ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് കുരിയച്ചിറ ഇടവക ദൈവാലയത്തിൽ പറോക്കിനെ കുറിച്ച് പ്രസംഗിച്ചു. വൈകിട്ട് ഫാ. വർഗ്ഗീസ് കരിയാറ്റിലിന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
27. അഭിവന്ദ്യ താഴത്ത് പിതാവ് പൂമല ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യപിതാക്കന്മാർ ഉച്ചകഴിഞ്ഞ് അതിരൂപതാദിന ഒരുക്കയോഗത്തിൽ പങ്കെടുത്തു.
28. അഭിവന്ദ്യ താഴത്ത് പിതാവ് വാണിയമ്പാറ ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാർ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നും വിരമിക്കുന്ന പ്രിൻസിപ്പൽ ശ്രീ. ജെൻസൻ സാറിന്റെ വിരമിക്കൽ ചടങ്ങിൽ പങ്കെടുത്തു.

യേശു അവളോട് പറഞ്ഞു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

*യോഹ. 11: 25-26*







## നാമകരണനടപടികൾ

**ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ**

21–ാമത് പാലയൂർ മഹാ തീർത്ഥാടനത്തിനോടനുബന്ധിച്ച് വർഷം തോറും നടത്തി വരാറുള്ള ബൈബിൾ കൺവെൻഷന് മുന്നോടിയായി ചേലക്കരയുടെ പ്രേഷിതനായ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ കബറിടത്തിൽ ഫാ. ജോസ് പുലിക്കോട്ടിലിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. ഈ ദിവ്യകർമ്മത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് മോൺ. ജോർജ്ജ് കോമ്പാറ അച്ചനാണ്. ചേലക്കരയുടെ ഉന്നമനത്തിനായി ബഹു. തച്ചുപറമ്പിലച്ചൻ എത്ര മൈലുകൾ കാൽ നടയായി യാത്ര ചെയ്തിട്ടുണ്ടാകും എന്ന് ആർക്കും കണക്കു കൂട്ടാനാകില്ല. അതുകൊണ്ടുതന്നെ പാലയൂർ പദയാത്രയുടെ മുന്നോടിയായ ഈ തുടക്കം തച്ചുപറമ്പിലച്ചന്റെ കബറിടത്തിൽ നിന്ന് ആരംഭിക്കുന്നത് എന്തുകൊണ്ടും അനുയോജ്യമാണ് എന്ന് അച്ചൻ ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. ചേലക്കര ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കൂട്ട് ഏവർക്കും സ്വാഗതം ആശംസിക്കുകയും പാലയൂർ അസി. വികാരി ഫാ. ജെസ്റ്റിൻ തേക്കാനത്ത് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് പതാക ക്യാപറ്റൻ സാബു മാസ്റ്ററിന് നൽകി പ്രയാണം ആരംഭിച്ചു.

മാർച്ച് മാസത്തിലെ ആദ്യവെള്ളിയാഴ്ച്ചയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത് ചേലക്കര ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കൂട്ട് ആണ്. വചന വ്യാഖ്യാനം നടത്തിയത് ഒല്ലൂർ നിന്നുള്ള റപ്പായി രായിപ്പൻ ആണ്.  പരീക്ഷക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേക പ്രാർത്ഥനകളും ആശിർവാദവും ഉണ്ടായിരുന്നു. ആരാധന രോഗശാന്തി ശുശ്രൂഷ, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, ഊട്ട് നേർച്ച എന്നിവയിൽ അനേകം പേർ പങ്കുകൊണ്ട് അന്തോണിയച്ചന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി







# നാമകരണനടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

സി. എസ്. സി. ഡി പോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ. പ്രിന്റോ കുളങ്ങര വചനസന്ദേശവും റവ. സി. ഫ്രസി സി.എസ്.സി 'പ്രകൃതി സ്നേഹിയായ ഊക്കനച്ചൻ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. ഉള്ളുനിറയെ ദൈവസ്നേഹം നിറച്ച് ദൈവമഹത്വത്തിലേക്ക് ഉയർന്ന് പറന്നവനാണ് ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. ദൈവത്തെക്കുറിച്ചുള്ള വെളിപാടിന്റെ പൂർണ്ണത ലഭിക്കുന്നത് പുത്രനിലൂടെയാണ്. അതുകൊണ്ട് സൃഷ്ടിയെയും സൃഷ്ടവസ്തുക്കളെയും സമീപിക്കുന്നതിൽ വ്യത്യസ്തമായ കാഴ്ചപ്പാടും ഊക്കനച്ചനുണ്ട്. ഊക്കനച്ചൻ ജീവിക്കുന്ന ചുറ്റുപാടും കൂടി തമ്പുരാനിലേക്കുയർത്തിയതുപോലെ നമുക്കും നാം വസിക്കുന്ന പ്രകൃതിയോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്താം എന്ന് ഓർമ്മപ്പെടുത്തി ബ. സിസ്റ്റർ ക്ലാസ്സ് അവസാനിപ്പിച്ചു. കരുണാർദ്രസ്നേഹത്തിന്റെ മൂർത്തിഭാവമായ ഊക്കനച്ചൻ ചൊവ്വന്നൂർ ഗ്രാമത്തെ അധികമായി സ്നേഹിച്ചു. പാവപ്പെട്ടവരെയും സമൂഹം അവഗണിക്കുന്നവരെയും ആത്മാർത്ഥമായി സ്നേഹിക്കേണ്ടതിന്റെ ആവശ്യകത ഉദാഹരണത്തിലൂടെ വ്യക്തമാക്കി. ജീവിതത്തിൽ വരുന്ന സഹനങ്ങളെ ക്രൂശിതനോട് ചേർത്ത് സഹിച്ച ഊക്കനച്ചന്റെ മനോഭാവം സ്വീകരിച്ച് നമുക്ക് ജീവിക്കാം. ദൈവദാസന്റെ മാദ്ധ്യസ്ഥ്യം തേടാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



## 1. GST

1. പള്ളികളുടെയും സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ GST അപ്ലൈചെയ്ത ബില്ലുകൾ വാങ്ങുവാൻ ശ്രദ്ധിക്കണം

2. 10000 രൂപക്ക് മുകളിലുള്ള ഹാൾ വാടക, മുറിവാടക എന്നിവക്ക് GST അപ്ലൈചെയ്ത് വേണം ഇനിമുതൽ വാടകവാങ്ങിക്കേണ്ടത്. ഇത്തരം സാഹചര്യങ്ങളിൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. നമ്മൾ പിരിച്ചെടുത്ത GST തുക ഗവൺമെന്റിൽ അതാതു സമയത്ത് നിയമപ്രകാരം അടക്കേണ്ടതുമാണ്. ഈ കാര്യങ്ങൾ വിശദമായി അതാത് ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ ചാർട്ടേർഡ് അക്കൗണ്ടന്റുമായി ആലോചിച്ച് തീരുമാനം എടുക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്.

**2 അതിരൂപത സഹായ ഫണ്ട് (28/2/2018)**

| | | |
|---|---|---|
| 1 . ഭവന നിർമ്മാണം | – | 2000 |
| 2. ചികിത്സ | – | 29250 |
| 2. വിവാഹ സഹായം | – | 25000 |
| 4. വിദ്യാഭ്യാസം | – | 1500 |

**3. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | |
|---|---|---|
| 1. ചികിത്സ | – | 10000 |

**4.ഓഖി ദുരിതാശ്വാസ ഫണ്ട്**

പള്ളികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ,സന്ന്യാസ ഭവനങ്ങളിൽ നിന്നും അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ നൽകിയ ഓഖി ഫണ്ട് 3475000/- രൂപ കെ.സി.ബി.സി.വഴി ദുരിതാശ്വാസർക്ക് നൽകിയിരിക്കുന്നു.

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## ■ വൈദികർ

### ജന്മദിനങ്ങൾ – ഏപ്രിൽ

| | |
|---|---|
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് | 13 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. ജോസഫ് പുളിക്കൻ | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോബിയാസ് ചാലക്കൽ | 17 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ ജോൺ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. ജിയോ ചെരടായി | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 30 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. വർഗ്ഗീസ് കരിയാറ്റിൽ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| മോൺ. ജോർജ്ജ് അക്കര | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| മോൺ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |

## ചരമദിനങ്ങൾ

| | |
|---|---|
| ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25.04.1895 |
| യോഹന്നാൻ അമ്പൂക്കൻ | 19.04.1930 |
| തോമസ് മാളിയേക്കൽ | 16.04.1944 |
| മാത്യു കൊള്ളന്നൂർ | 27.04.1944 |
| ജോർജ്ജ് വാഴപ്പിള്ളി | 18.04.1962 |
| സെബാസ്റ്റ്യൻ തട്ടിൽ | 01.04.1963 |
| ജോസഫ് വലിയവീട്ടിൽ | 10.04.1972 |
| ജോൺ വാലികോടത്ത് | 24.04.1973 |
| അബ്രാഹം കിഴക്കൂടൻ | 28.04.1977 |

| | |
|---|---|
| സേവ്യർ അക്കര | 07.04.1978 |
| ഫ്രാൻസിസ് ബ്രഹ്മകുളം | 18.04.1982 |
| പോൾ കല്ലൂക്കാരൻ | 16.04.1983 |
| ജോൺ ചാലക്കൽ | 14.04.1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11.04.1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11.04.1997 |
| ഫ്രാൻസിസ് ചിറമ്മൽ | 18.04.1997 |
| സിറിയക് വടക്കൻ | 26.04.2017 |



## ■ സന്യസ്തർ

## സി.ആർ. ഐ വാർത്തകൾ

1/02/2018. സി.എച്ച്.എഫ്. ഒളരിക്കര നവജ്യോതി ബി.എഡ് .കോളേജിന്റെ പേട്രൻസ് ഡേ ആഘോഷപരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ പങ്കെടുത്ത് ആശംസകൾ നേർന്നു.

സി.എച്ച്.എഫ്. ചെമ്പൂക്കാവ് ഹോളി ഫാമലി ഗേൾസ് ഹയർസെക്കന്ററി വിദ്യാലയത്തിന്റെ വാർഷികാഘോഷ പരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

4.2.2018 എഫ്. സി. സി. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക – അനധ്യാപകർക്കുമായി 2018 ഫെബ്രുവരി 4–ാം തീയതി ഞായറാഴ്ച 2 pmന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒരു യാത്രയയപ്പ് നൽകി.

9/2/2018. സി.എച്ച്.എഫ്. അരണാട്ടുകര ഇൻഫന്റ് ജീസസ്സ് എൽ.പി. സ്ക്കൂളിന്റെ വാർഷികാഘോഷവും, ഹെഡ്മിസ്ട്രസ്സും, നവജ്യോതി എഡ്യുക്കേഷൻ കൗൺസിലറുമായ സി. ജെസ്സിൻ തെരേസിന്റെ റിട്ടയർമെന്റും ഒന്നിച്ചു നടത്തിയ ആഘോഷപരിപാടിയിൽ നവജ്യോതി പ്രൊവിൻഷ്യൽ സി. മേഴ്സി പോൾ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി, ഫോട്ടോ അനാഛാദന കർമ്മം നിർവ്വഹിച്ചു

09.02.2018 എസ്.എ.ബി.എസ്. 1973 – 1979 കാലഘട്ടത്തിൽ സുപ്പീരിയർ ജനറൽ ആയിരുന്ന റവ. മദർ അൽഫോൻസ് മരിയ നിര്യാതയായി. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കരയും ഏതാനും സിസ്റ്റേഴ്സും പാലായിൽ അമ്മയുടെ മൃതശരീരം സന്ദർശിച്ച് പ്രാർത്ഥിച്ചു.

9.2.2018 എഫ്. സി. സി. 2018 ഫെബ്രുവരി 9–ാം തീയതി വൈകിട്ട് 6 pm മുതൽ 11–ാം തീയതി രാവിലെ വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന മാസധ്യാനത്തിൽ എല്ലാ ജൂനിയർ സിസ്റ്റേഴ്സും സംബന്ധിച്ചു.

10/2/2018 സി.എസ്.എം. ലൂർദ്ദ് മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയിലും സ്നേഹവിരുന്നിലും ഇടവകയിലെ വിവിധ സന്ന്യാസ സമൂഹങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു.

10.02.2018 എസ്.എ.ബി.എസ്. സി. മേരി കാനാടി, സി. മേരി കൊടിയൻ, സി. മരിയ ഗ്രെയ്സ് ചേർപ്പൂക്കാരൻ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയും സി. അനു മരിയ മേച്ചിലേത്ത്, സി. സ്റ്റാർലി പൂതേക്കാടൻ, സി. സുമ തെരേസ് പെരേപ്പാടൻ എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലിയും സംയുക്തമായി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധബലിയിൽ ധാരാളം വൈദികരും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നുമുള്ള സമർപ്പിതരും ജൂബിലേറിയൻസിന്റെ കുടുംബാംഗങ്ങളും ഇടവകജനങ്ങളും പങ്കെടുത്തു. മാതൃപ്രോവിൻസിൽ നിന്നും 20 സുവർണ്ണ ജൂബിലേറിയൻസും പാല

ക്കാട് പ്രോവിൻസിൽ നിന്നും 3 സുവർണ്ണ ജൂബിലേറിയൻസും ഇന്നേ ദിവസം സന്നിഹിതരായിരുന്നു. രജത ജൂബിലി വർഷത്തിലായിരിക്കുന്ന മാർ ടോണി നീലങ്കാവിലിന് ജൂബിലിയാശംസകൾ നേർന്നു.

11.02.2018 എസ്.എ.ബി.എസ്. ആരാധനാസന്യാസിനി സമൂഹം 1968 ഫെബ്രുവരി 11 ന് പൊന്തിഫിക്കൽ പദവിയിലേക്കു ഉയർന്നതിന്റെ 50 വർഷം തികയുന്ന ഈ ദിനം സെനക്കളിൽ വച്ച് നടത്തിയ 50 മണിക്കൂർ ആരാധനയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു

13/2/17 സി.എം.സി. ഗാർഹികസഭ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കുടുംബങ്ങളിൽ സ്നേഹസാന്ദ്രമായ ഐക്യം ശിഥിലമാകുന്ന ഈ കാലഘട്ടത്തിൽ കുടുംബങ്ങളെ വിശുദ്ധിയുള്ളതാക്കാൻ വി. ചാവറ കുരിയാക്കോസ് രചിച്ച ചാവരുളിന്റെ 150–ാം വാർഷികവും 213–ാം ചാവറ ജയന്തിയും എറണാകുളം ടൗൺ ഹാളിൽ വച്ച് സംയുക്തമായി ആഘോഷിച്ചു.പ്രസ്തുത സമ്മേളനത്തിൽ തൃശ്ശൂർ സി.എം.സി. യുടെ ആഭിമുഖ്യത്തിൽ അൻപതോളം സ്ത്രീപുരുഷന്മാർ പങ്കെടുത്തു.

15/2/17 സി.എം.സി. മഞ്ഞക്കുന്ന് സെന്റ് തോമസ് ഇടവകയിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. സാലിപോളിൻെറ നേതൃത്വത്തിൽ സിസ്റ്റേഴ്സ് കുടുംബസന്ദർശനം നടത്തി. ഈ ദിവസങ്ങളിൽ തന്നെ ദൈവജനത്തിനായി വാർഷികധ്യാനവും അഭിഷേക പ്രാർത്ഥനയും നടത്തിക്കൊണ്ട് ഇടവകയിൽ ആത്മീയ ഉണർവ് നൽകി.

17.02.2018 എസ്.എ.ബി.എസ്. റവ. ഫാ. ജോയി മൂക്കൻ, റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ എന്നിവരുടെ രജതജൂബിലി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു.

21.2.2018 എഫ്. സി. സി. ഹൈദരാബാദിൽ വെച്ച് നടന്ന ഫ്രാൻസിസ്കൻ സംഘടനയായ AFFI യുടെ ദേശീയതല മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത പങ്കെടുത്തു.

21/2/17 സി.എം.സി. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മേനേജ്മെന്റിന്റെ കീഴിലുള്ള അധ്യാപക – അനധ്യാപകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഹൃദ്യമായ യാത്രാമംഗളം ആശംസിച്ചു.

24.2.2018 എഫ്. സി. സി. ഫെബ്രുവരി മാസത്തെ ഉപവാസ പ്രാർത്ഥനാസമ്മേളനം 24–ാം തീയതി ശനിയാഴ്ച മങ്ങാട് സെന്റ് ആൻസ്

ഭവനത്തിൽ വെച്ച് നടന്നു.

24.02.2018 എസ്.എ.ബി.എസ്. വേലൂർ ഫൊറോനയിലെ തയ്യൂർ ഇടവകയിൽ വി. ഫ്രാൻസീസ് അസ്സീസിയുടെ നാമത്തിൽ ഒരു പുതിയ ഭവനം സ്ഥാപിതമായി. ഉച്ചയ്ക്ക് 2:30 ന് തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ ബലി മദ്ധ്യേ പുതിയ ഭവനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. വൈദീകരും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നുമുള്ള സമർപ്പിതരും തയ്യൂർ ഇടവകജനങ്ങളും ഈ മംഗളമുഹൂർത്തത്തിന് സാക്ഷികളായി.

25.02.2018 എസ്.എ.ബി.എസ്. ഈ വർഷം വിവിധ പൊതു പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്കായി വിവിധ ഭവനസമൂഹങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും പഠനോപകരണങ്ങൾ വെഞ്ചിരിച്ച് നൽകുകയും ചെയ്തു.

## ആദരാഞ്ജലികൾ



9/02/2018 ഒളരിക്കര ലിറ്റിൽ ഫ്ളവർ ഭവനാംഗമായ **സി. അമാറ്റ സി.എച്ച്.എഫ്.**(78) നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ 10/2/2018-ഉച്ചതിരിഞ്ഞ് 4.30 ന് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി.



12.2.2018 **എഫ്. സി. സി.** മങ്ങാട് സെന്റ് ആൻസ് ഭവനാംഗമായ **ബ. സി. റൊഗേഷ്യ** ഫെബ്രുവരി 12-ാം തീയതി വൈകിട്ട് 6.15 ന് ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. 13-ാം തീയതി 4 pm ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസിസ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം പൂജ്യമായി സംസ്കരിച്ചു.



15/2/2018 സി.എസ്.എം. തൃശൂർ ലൂർദ്ദ് നാഥാ പ്രൊവിൻഷ്യൽ ഹൗസ് അംഗമായ **സി.മോനിക്കാ** നിര്യാതയായി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നടത്തുകയും കോളങ്ങാട്ടുകര മരിയഭവൻ മഠം ചാപ്പലിനോട് ചേർന്ന കല്ലറയിൽ സംസ്ക്കരിക്കയും ചെയ്തു.



17/02/2018 തലോർ നവജ്യോതി ഭവനാംഗമായ **സി. തർസീല സി.എച്ച്.എഫ്** നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ അന്നുതന്നെ ഉച്ചതിരിഞ്ഞ് 5:00 മണിയ്ക്ക് തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ തലോർ നവജ്യോതി ഭവനിൽ നടത്തി.



20/2/18 സി.എം.സി. ചൂണ്ടൽ മരീനാ ഹോം മഠാംഗമായ **സി. അബ്ദിയാസ്** നിര്യാതയായി. മോൺ. ജോർജ്ജ് കോമ്പാറയുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



23/2/18 സി.എം.സി. കൊട്ടേക്കാട് അസംപ്ഷൻ മഠാംഗമായ **സി. സാംസൺ** ഈ ലോകത്തോട് യാത്ര പറഞ്ഞു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി. നമിത റോസ് സി.എം.സി.**
സി.ആർ.
ഐ. സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

**മാർതോമ അതിരൂപതാ തീർത്ഥ കേന്ദ്രം പാലയൂർ**

**1. ഏപ്രിൽ 8 പുതുഞ്ഞായർ തിരുനാൾ**

ഏപ്രിൽ 8 ഞായറാഴ്ച രാവിലെ 6.30ന്, മാർതോമശ്ലീഹ ഭാരതത്തിൽ ആദ്യമായി മാമോദീസ നൽകിയ തളിയക്കുളത്തിൽ, തിരുനാൾ കർമ്മ ങ്ങളും ദിവ്യബലിയും സന്ദേശവും തുടർന്ന് തീർത്ഥ കേന്ദ്രത്തിലേക്ക് പ്രദക്ഷിണവും തിരുശേഷിപ്പ് വണക്കവും നേർച്ച വിതരണവും ഉണ്ടായിരിക്കും . റവ.ഡോ.സൈജോ തൈക്കാട്ടിൽ മുഖ്യകാർമ്മി കത്വം വഹിക്കുന്നതാണ്.

**2. ഏപ്രിൽ 15 മുപ്പിട്ട് ഞായർ തിരുനാളും ദണ്ഡവിമോചനവും**

15ന് രാവിലെ 6.30ന് കുർബ്ബാനയും സന്ദേശവും പ്രദക്ഷിണവും നേർച്ച വിതരണവും തിരുശേഷിപ്പ് വണക്കവും ഉണ്ടായിരിക്കും. തുടർന്ന് രാവിലെ 10.30 നും ഉച്ച കഴിഞ്ഞ് 3.30 നും 5.30നും വി.കുർബ്ബാന നൊവേന തിരുശേഷിപ്പ് വണക്കം. 14 –ാം തീയതി വൈകീട്ട് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷയും തിരുനാൾ കർമ്മങ്ങളും ഉണ്ടായിരിക്കും.

**3. തളിയക്കുളത്തിൽ ആഘോഷമായ മാമോദീസ**

എല്ലാ മാസവും മുപ്പിട്ടു ഞായറാഴ്ചകളിൽ(ഏപ്രിൽ 15) ഉച്ച കഴി ഞ്ഞാണ് ആഘോഷമായ മാമോദീസ നടത്തുന്നത്. മാമോദീസക്ക് വരുന്നവർ 10 ദിവസം മുമ്പ് (ഏപ്രിൽ 5)തന്നെ ബുക്ക് ചെയ്യേണ്ടതാ ണ്. ഫോൺ – 0487 2556418



**4. മാർതോമ ചൊവ്വാഴ്ച ആചരണം**

3,10,17,24 തിയ്യതികളിൽ മാർതോമ ചൊവ്വാഴ്ച ആചരണം, വചന പ്രഘോഷണം, 12 മണിക്ക് ദിവ്യബലി, നേർച്ച ഭക്ഷണം , ആരാധന എന്നീ കർമ്മങ്ങളോടു കൂടി 9.45 മുതൽ 3.15 വരെ ഉണ്ടായിരിക്കും.

**5. പാലയൂർ കൺവെൻഷൻ**

2018ലെ പാലയൂർ കൺവെൻഷൻ, മാർച്ച് 10 മുതൽ 14 വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ.സേവ്യർഖാൻ വട്ടായിൽ & ടീം നയിച്ച അഭിഷേകാഗ്നി കൺവെൻഷനായിട്ടാണ് നടത്തിയത്. പതിനായിരങ്ങൾ പങ്കെടുത്ത പാലയൂർ കൺവെൻഷൻ വലിയ ദൈവാനുഗ്രഹവർഷമായി അനുഭവപ്പെട്ടു.

**6. ജാഗരണ പദയാത്രകൾ**

അമ്പതു നോമ്പിലെ വെള്ളിയാഴ്ചകളിൽ തൃശ്ശൂർ പുത്തൻ പള്ളിയിൽ നിന്ന് ബഹു.ജോസഫ് വൈക്കാടൻ(ചെയർമാൻ) ശ്രീ. ഷിബു കാഞ്ഞിരത്തിങ്കൽ (കൺവീനർ) വൈദികർ, അത്മായ നേതാക്കൾ എന്നിവരുടെ നേതൃത്വത്തിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത ജാഗരണ പദയാത്ര പുലർച്ച 4 മണിയോടെ പാലയൂരിൽ എത്തിച്ചേരുകയും തുടർന്ന് വി.കുർബ്ബാന അർപ്പിക്കുകയും ചെയ്യുകയുണ്ടായി. മറ്റു ഫൊറോനകളിൽ നിന്നും ഇടവകകളിൽ നിന്നും വെള്ളിയാഴ്ചകളിൽ സ്ത്രീകളും കുട്ടികളുമടക്കം രാത്രിയിൽ 7.30 മുതലുള്ള വിവിധ സമയങ്ങളിൽ ജാഗരണ പദയാത്രയായി എത്തിച്ചേർന്നത് ആയിരകണക്കിന് വിശ്വാസികളാണ്. രാത്രിയിൽ മുഴുവൻ സമയവും ജാഗണ പ്രാർത്ഥന ഉണ്ടായിരുന്നതും ലഘു ഭക്ഷണം എല്ലാവർക്കും നൽകിയതും തളിയക്കുളത്തിലെ നേർച്ചക്കുളിയും ഏവർക്കും സന്തോഷകരവും ഭക്തി നിർഭരവുമായി.

**7. പാലയൂർ മഹാതീർത്ഥാടനം**

പതിനായിരകണക്കിന് വിശ്വാസികൾ പങ്കെടുത്ത പാലയൂർ മഹാതീർത്ഥാടനം അഭിവന്ദ്യപിതാക്കൻമാരും ബഹു.വൈദികരും അൽമായ നേതാക്കളും നയിക്കുകയും റൈറ്റ് റവ.ഡോ.ആൽബർട്ട് ഡിസൂസ (ആഗ്ര ആർച്ച് ബിഷപ്പ്) മുഖ്യ അതിഥി ആയി പങ്കെടുക്കുകയും ചെയ്തു,

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
**റെക്ടർ**

# കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

പരീക്ഷകൾ കഴിഞ്ഞ് വേനലവധിയിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പരീക്ഷകൾ എല്ലാം എളുപ്പമായിരുന്നു എന്ന് പ്രതീക്ഷിക്കുന്നു. നിങ്ങൾ പ്രതീക്ഷിക്കുന്ന വിജയം നിങ്ങൾക്ക് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

അവധിക്കാലം സന്തോഷിക്കാനും വിശ്രമിക്കാനും വിനോദിക്കാനും കൂടിയാണ്. എന്നാൽ വെറുതെ സമയം കളയാനുള്ള ദിവസങ്ങളായി അതിനെ കാണരുത്. നല്ലരീതിയിൽ, ഫലപ്രദമായ രീതിയിൽ ഈ അവധിക്കാലം ഉപയോഗിക്കാൻ നിങ്ങൾ പരിശ്രമിക്കണം. സന്തോഷങ്ങളിലും വിനോദങ്ങളിലും അറിവും അനുഭവവും സ്വന്തമാക്കാൻ ശ്രമിക്കണം. അതിന് ചില നിർദ്ദേശങ്ങൾ നൽകുന്നു.

1 വേനലവധി ആത്മീയതയുടെ ഒരു കാലഘട്ടമാക്കണം. എല്ലാദിവസവും വി. ബലിയിൽ പങ്കെടുക്കാൻ ശ്രമിക്കണം. സാധിക്കുന്ന എല്ലാവരുംതന്നെ ഏതെങ്കിലും ഒരു ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുക്കണം. തീർത്ഥാടനങ്ങൾ നടത്തണം. ദൈവദർശൻ ക്യാമ്പുകളിൽ കൂട്ടുകാരൊന്നിച്ച് പങ്കെടുക്കാനും ശ്രമിക്കണം.

2 പാഠപുസ്തകങ്ങൾക്കപ്പുറത്ത് അറിവ് നേടിയെടുക്കാനുള്ള അവസരം കൂടിയാണ് അവധിക്കാലം. ഏതെങ്കിലും ഒരു നല്ല പുസ്തകം വായിക്കാൻ നിർബന്ധബുദ്ധി കാണിക്കണം. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവയിൽ ചേരുക. നൃത്തം, ചിത്രരചന, സംഗീതം എന്നിവയിലെ കഴിവുകൾ വളർത്തുക എന്നിങ്ങനെയുള്ള കാര്യങ്ങൾ മറന്നുപോകരുത്.

3. വീട്ടുകാരോടും സഹോദരങ്ങളോടും ബന്ധുക്കളോടും അയൽക്കാരോടും കൂടെ ഇരിക്കാനുള്ള സമയം കൂടിയാണ് അവധിക്കാലം. എപ്പോഴും ടി. വി. യും മൊബൈൽ ഗെയിമും മാത്രമായി മാറുമ്പോൾ

നമ്മുടെ ബന്ധങ്ങൾ തകർന്നുപോകും. ഒപ്പം ഏതെങ്കിലും ഒരു അഗതി മന്ദിരം സന്ദർശിക്കുന്നതും നല്ലതാണ്. ദൈവത്തോടും മാതാപിതാക്കളോടും നന്ദിപറയാനും സമൂഹത്തിൽ വേദനിക്കുന്നവർക്ക് നമ്മെക്കൊണ്ട് ആവശ്യമുണ്ട് എന്ന ബോധ്യം വളരാനും അത് ഉപകരിക്കും.

4. കളിക്കണം എന്ന് ഞാൻ പറയാതെതന്നെ നിങ്ങൾ ചെയ്യും എന്നെനിക്കറിയാം. നല്ല ആരോഗ്യത്തിനും നല്ല മനസ്സിനും കൂട്ടുകാരൊന്നിച്ചുള്ള കളികൾ നല്ലതാണ്. ഒപ്പം നന്നായി വിശ്രമിക്കുകയും ചെയ്യണം.

5. അവധിക്കാലത്ത് നാം അനുഭവിക്കാൻ പോകുന്ന ക്ലേശങ്ങൾ അതിയായ ചൂടും വെള്ളത്തിന്റെ ക്ഷാമവുമാണ്. പ്രകൃതിയെ സ്നേഹിക്കാനും കൂടിയാണ് അവധിക്കാലം. വിത്തുകൾ ശേഖരിക്കാം. പൂന്തോട്ടങ്ങൾക്കും അടുക്കളത്തോട്ടത്തിനും വേണ്ടി ഒരുക്കങ്ങൾ തുടങ്ങണം. പ്രകൃതിയെ സംരക്ഷിക്കേണ്ടത് എങ്ങനെ എന്ന് പാഠപുസ്തകങ്ങളിൽ പഠിച്ചത് പ്രാവർത്തികമാക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

അങ്ങനെ ഈ അവധിക്കാലത്ത് നിങ്ങളുടെ സമയം ഏറ്റവും നന്നായി ചെലവഴിക്കാൻ പോകുന്നത് എങ്ങനെയാണ് എന്നതു സംബന്ധിച്ച് നിങ്ങൾ രണ്ടുമാസത്തേക്ക് ഒരു കർമ്മപദ്ധതി തയ്യാറാക്കി കൂട്ടുകാരും മാതാപിതാക്കളും സഹോദരങ്ങളുമായി ചർച്ച ചെയ്യണം. ഈ അവധിക്കാലത്ത് ഈശോയെ സ്വീകരിക്കാൻ ഒരുങ്ങുന്ന കുട്ടികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

അനുഗ്രഹപ്രദമായ ഒരു അവധിക്കാലം നിങ്ങൾക്ക് നേർന്നുകൊണ്ട്,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും മതാധ്യാപകർക്കും മാതാപിതാക്കന്മാർക്കും കൃതജ്ഞതാ നിർഭരമായ പ്രാർത്ഥനാശംസകൾ. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

1. **Std. XII, ACC വാർഷിക പരീക്ഷാഫലം**

**Std. XII & ACC** പരീക്ഷാഫലം ഏപ്രിൽ 14 ന് അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരിക്കുമ്പോൾ പ്രധാനാധ്യാപകരെ **SMS** വഴി അറിയിക്കുന്നതാണ്.

**Blog Address:** http://catechismtrichur.blogspot.in

2. **Std. XII ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ അപേക്ഷ നൽകേണ്ട അവസാന തിയതി ഏപ്രിൽ 23 ആണ്. ഫീസ് Rs. 100/-. ആവശ്യമുള്ള വിവരങ്ങൾ സഹിതം (രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ) മതബോധന വിദ്യാർത്ഥി വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും ശിപാർശയോടുകൂടി മതബോധന ഓഫീസിൽ നല്കണം.

3. **ACC Re-Examination - May 12 Saturday 2018**

2018 ഫെബ്രുവരിയിലെ ACC വാർഷികപരീക്ഷയിൽ തോറ്റവർക്കും പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷയ്ക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാനതിയതി മെയ് 2. രജിസ്റ്റർ ചെയ്യുമ്പോൾ 2018 ഫെബ്രുവരിയിലെ വാർഷികപരീക്ഷയുടെ ഹാൾടിക്കറ്റ് കൊണ്ടുവരണം. പരീക്ഷാഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

| | | |
|---|---|---|
| തിയതി | : | 2018 മെയ് 12 |
| ദിവസം | : | ശനി |
| സമയം | : | 01.30 PM - 04.30 PM |
| സ്ഥലം | : | മതബോധനകേന്ദ്രം, DBCLC, തൃശൂർ |
| സിലബസ്സ് | : | 2017-2018 അധ്യയനവർഷത്തെ ACC സിലബസ് |

4. **സ്കോളർഷിപ്പ് പരീക്ഷകൾ:**

a] **School Catechism & Moral Science –7th April 2018 Saturday 02 pm - 04 pm**

***Examination Centres:***

| | | |
|---|---|---|
| 1. Eravu | - | St. Joseph's Eng. HSS |
| 2.Mammiyur | - | Little Flower Convent UPS |

| | | |
|---|---|---|
| 3. Ollur | - | St. Mary's CGHS |
| 4. Palakkal | - | Aided LPS |
| 5. Thrissur | - | Basilica, Mathanikethan |
| 6. Thrissur East | - | St. Clare's CGHSS |
| 7. Wadakkanchery | - | St. Pius X CUPS |

സ്കൂൾ കാറ്റകിസം & മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ ഏപ്രിൽ 2 മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

**b] ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷ 2018 ഏപ്രിൽ 21 ശനി, 2PM-4PM.**

പരീക്ഷക്ക് അർഹരായ കുട്ടികളുടെ പേരുകൾ മതബോധനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Sunday Scholarship Examination Centres:*

| | |
|---|---|
| 1.Chelakkara | St. Mary's Church |
| 2.Cheroor | St. Francis Xavier's Church |
| 3.Cherpu | St. Antony's Church |
| 4.Eravu | St. Theresa's Church |
| 5.Mannampetta | Mary Immaculate Church |
| 6.Mannuthy | St. Antony's Church |
| 7.Thalore | Jesus Academy |
| 8.Palakkal | St. Mathew's Church |
| 9.Mammiyur | Little Flower Convent UPS |
| 10.Peramangalam | St. Mary's Church |
| 11.Thrissur | St. Mary's UPS, Lourdes Cathedral |
| 12.Thrissur | Mathanikethan, Thrissur Dolours Basilica |
| 13.Wadakkanchery | Clelia Barbieri Holy Angels Eng. Medium High School |
| 14.West Fort (Thrissur) | St. Anne's Church |

**പ്രത്യേകപുസ്തകം (Additional Portion)**

Stds. IV - VII വിദ്യാർത്ഥികൾക്ക് പ്രത്യേകപുസ്തകം ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. അൽഫോൻസ (Non-detailed Book of Std. V) |
| for Std. V | വി. കുരിയാക്കോസ് ഏലിയാസ് |

(Non-detailed Book of Std.VI)

for Std. VI — വി. ഡൊമിനിക് സാവിയോ
(Non-detailed Book of Std. VII )

for Std. VII — വി. മരിയ ഗൊരേത്തി
(Non-detailed Book of Std. VIII.

Stds. VIII - XI വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേക പാഠ്യഭാഗം 'കത്തോലിക്കാസഭ' പത്രത്തിലെ താഴെപ്പറയുന്ന ഭാഗങ്ങളിൽ നിന്നായിരിക്കും:

2017 ഒക്ടോബർ മുതൽ നവംബർ ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജ്

2017 ഡിസംബർ (പേജ് 13), 2018 ജനുവരി (പേജ് 14), ഫെബ്രുവരി (പേജ് 13) എന്നിവ.

വിശദവിവരങ്ങൾക്ക് Annual Programme Pages 43-45.

ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷക്ക് ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ മതബോധന സോഫ്റ്റ്‌വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

**5. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് & മതബോധനയൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും ഹെഡ്മാസ്റ്റർമാരുടേയും സംയുക്ത യോഗം**

തിയതി : 2018 മെയ് 20
ദിവസം : ഞായർ
സമയം : 09.30 AM - 4.30 PM
സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ദിവ്യബലി ഉണ്ടായിരിക്കും. 1.30 PM - 5 PM വരെ മതബോധനയൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും ഹെഡ്മാസ്റ്റർമാരുടേയും സംയുക്ത യോഗം ഉണ്ടായിരിക്കും.

**6. അവധിക്കാലത്ത് ബേസിക് സി. ടി. സി.**

അധ്യാപകരുടെ സൗകര്യം പരിഗണിച്ച് അവധിക്കാലത്ത് രണ്ട് ബാച്ച് (ഏപ്രിൽ 20–22, മെയ് 11–13) ബേസിക് സി. ടി. സി. നടത്തുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ കോഴ്സ് ഫീസ് സഹിതം മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സമയം : വെള്ളിയാഴ്ച വൈകിട്ട് 5:30 മുതൽ ഞായർ വൈകിട്ട് 4 വരെ

7. **SMCC പ്രതിഭാസംഗമം Std. VII**

SMCC പ്രതിഭാസംഗമത്തിനുള്ള 7-ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ് മെയ് 3,4,5 തിയതികളിൽ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഹെഡ്മാസ്റ്റർ മുഖേന വിശദവിവരങ്ങൾ അറിയിക്കുന്നതാണ്. ക്യാമ്പിന്റെ പ്രയോജനവും ഗൗരവവും കുട്ടികളെ ധരിപ്പിച്ച് ക്യാമ്പിന് പറഞ്ഞയയ്ക്കുമല്ലൊ. ഈ ക്യാമ്പിൽനിന്നുമാണ് സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 23, 24, 25 തിയതികളിൽ നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കാൻ തൃശൂർ അതിരൂപതയിൽനിന്നുമുള്ള മൂന്ന് ആൺകുട്ടികളേയും മൂന്ന് പെൺകുട്ടികളേയും തെരഞ്ഞെടുക്കുന്നത്.

8. **2017-18 അധ്യയനവർഷത്തെ പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ മതബോധനം 1-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് മാറ്റമില്ല. ACC-ക്ക് YOUCAT മൂന്നാം വർഷ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. ACC സപ്ലിമെന്ററി പുതിയ പുസ്തകം ആയിരിക്കും.

9. **പാഠപുസ്തകങ്ങളുടെ 2018-19 അധ്യയനവർഷത്തെ വിലവിവരപട്ടിക**

| Std. | Sunday Catechism | | School Catechism | Moral Science | |
|---|---|---|---|---|---|
| | Malayam | English | Malayalam | Malayalam | English |
| I | 25 | 35 | 25 | 45 | 55 |
| II | 25 | 35 | 25 | 45 | 55 |
| III | 25 | 35 | 25 | 45 | 55 |
| IV | 25 | 35 | 25 | 45 | 55 |
| V | 30 | 40 | 25 | 50 | 55 |
| VI | 30 | 40 | 25 | 50 | 55 |
| VII | 30 | 40 | 25 | 50 | 55 |
| VIII | 30 | 40 | 25 | 50 | 55 |
| IX | 30 | 40 | 25 | 50 | 60 |
| X | 30 | 40 | 25 | 50 | 60 |
| XI | 30 | 40 | -- | 40 | 70 |
| XII | 30 | 40 | -- | 40 | 70 |

1) Non-detailed, Bible Study, Nursery Book: Rs. 10/- each.

2) ACC Basic Text Book YOUCAT (for 3 years): Rs. 150/-; English Rs. 350, ACC Supplementary Reader for 2018-19 Price will be informed later.

**10. മതബോധന കമ്മീഷൻ 2018-2021**

ഇപ്പോൾ നിലവിലുള്ള അതിരൂപതാ മതബോധന കമ്മീഷന്റെ കാലാവധി അവസാനിക്കാറായിരിക്കുന്നു. 2018–2021 ലേക്കുള്ള പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുണ്ട്. 2018 മെയ് 27 ന് ഫൊറോന പ്രമോട്ടർ സംഘടിപ്പിക്കുന്ന അർദ്ധദിന സെമിനാറിൽ വെച്ച് പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. അതിന്റെ വിശദാംശങ്ങൾ ഫൊറോന പ്രമോട്ടർമാരെ അറിയിക്കുന്നതാണ്. ഒരു ഫൊറോനയിൽ നിന്ന് താഴെ പറയുന്ന രീതിയിൽ 4 അധ്യാപകരെയാണ് തെരഞ്ഞെടുക്കേണ്ടത്.

1. ഒരു പ്രധാന അധ്യാപകൻ
2. ഒരു ടീച്ചർ (HS/HSS/ACC)
3. ഒരു ടീച്ചർ (UP Section)
4. ഒരു ടീച്ചർ (LP Section)

**11. പി. ടി. എ. യൂണിറ്റ്തല തെരഞ്ഞെടുപ്പ് 2018-2021**

യൂണിറ്റ് തലം, ഫൊറോന തലം, അതിരൂപതാതലം എന്നീ പി. ടി. എ. കമ്മിറ്റികളുടെ കാലാവധി അവസാനിക്കുകയാണ്. പുതിയ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് യൂണിറ്റ്തലത്തിലുള്ള പി. ടി. എ. കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് 2018 ജൂൺ മാസത്തിൽ തന്നെ നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനും നടത്തിപ്പിനുമുള്ള മാർഗ്ഗരേഖ എല്ലാ യൂണിറ്റുകളിലുമുണ്ട്. ഈ മാർഗ്ഗരേഖയനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി നിശ്ചിതഫോറത്തിൽ പേരുവിവരങ്ങൾ എഴുതി ജൂലൈ 15–ന് മുമ്പ് മതബോധനകേന്ദ്രത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അത് ലഭിച്ച ശേഷം വേണം ഫൊറോനാതലത്തിലേയും അതിരൂപതാതലത്തിലേയും തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

ഈസ്റ്റർ ആശംസകളോടെ സസ്നേഹം,

**Fr. Raphael Akkamattathil**
*Director*

**Fr. Tens Kunnappilly**
**Fr. Rijo Vithayathil Kozhukkullikaran**
**Fr. Sijo Muringathery**
*Asst. Directors*

# Institute of THEOLOGY

**B.A. in Theology and Religious Studies:**

ലുവെൻ ബെൽജിയം യൂണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office –മായി ബന്ധപ്പെടുക

**Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 8, 22 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും. പേപ്പർ 4 ന്റെ പരീക്ഷ ഏപ്രിൽ 15നും പരീക്ഷ എഴുതാത്തവർക്കും, തോറ്റവർക്കും പേപ്പർ 3ന്റെ പരീക്ഷ ഏപ്രിൽ 29നും നടത്തുന്നതായിരിക്കും.

**Basic Theology Course :**

സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സന്യാസാർത്ഥിനികൾക്കു അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് ഇവരെ പറഞ്ഞയച്ച സന്യാസിനീ സമൂഹാധികാരികൾക്കു പ്രത്യേകം നന്ദി അറിയിക്കുന്നു.

ഈസ്റ്റർ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)



# മേരിമാത സെമിനാരി

**ഊട്ടുതിരുനാൾ**

മുളയം പ്രദേശത്തുള്ള ജനങ്ങളുമായി സൗഹൃദം പങ്കിടുന്നതിനും അവരുമായുള്ള കൂട്ടായ്മ ദൃഢപ്പെടുത്തുന്നതിനും എല്ലാവർഷവും നടത്തിവരാറുള്ള വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ ഇത്തവണയും സമുചിതം ആഘോഷിക്കുകയുണ്ടായി. നേരത്തെത്തന്നെ ക്ഷണിച്ചതനുസരിച്ച് സെമിനാരിക്കടുത്തുള്ള കുടുംബങ്ങളിൽ നിന്ന് നൂറ്റിയിരുപതോളം പേർ 18-02-2018 ഞായറാഴ്ച ഉച്ചക്ക് പന്ത്രണ്ടുമണിയോടെ സെമിനാരിയിൽ എത്തിച്ചേർന്നു. അവർക്ക് ഊട്ടുസദ്യ വിളമ്പുകയും അവരോട് സ്നേഹസംഭാഷണങ്ങൾ നടത്തുകയും ചെയ്തത് ഏവർക്കും ഏറെ സന്തോഷം നൽകി. സെമിനാരിയുടെ ഭാഗത്തുനിന്നുള്ള സേവനങ്ങൾക്കും സഹായങ്ങൾക്കും നന്ദി പറഞ്ഞശേഷം ഏവരും പിരിഞ്ഞു.

**യാത്രയയപ്പ്**

തത്വശാസ്ത്ര പഠനത്തിന് ശേഷം മേരിമാതയുടെ പടിയിറങ്ങുന്ന മൂന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്ക് 20-02-2018 ചൊവ്വാഴ്ച സെമിനാരി കുടുംബം പ്രാർത്ഥനാശംസകൾ നേർന്നു. അന്നേദിനം വൈകിട്ട് 6.30 ന് റവ. ഫാ. റോയി മൂക്കൻ, റവ. ഫാ. ബിജു ഞാഞ്ഞിലത്ത്, റവ. ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ എന്നിവരുടെ കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. അത്താഴത്തിനുശേഷം 8.30ന് യാത്രയയപ്പുയോഗം ചേർന്നു. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്ററായ റവ. ഫാ. ചാക്കോ നടക്കെവെലിയിൽ ആശംസകൾ നേർന്ന് സംസാരിച്ചു. റെക്ടർ റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ ഏവർക്കും ഭാവുകങ്ങൾ നേർന്നു.

**പരീക്ഷകൾ**

2017-2018 അദ്ധ്യയന വർഷത്തെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 24 ന് ആരംഭിച്ച് മാർച്ച് 13-ാം തിയ്യതി അവസാനിച്ചു. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ കൺഫഷൻ

ഫാക്കൽറ്റി എക്സാമിനേഷൻ ഫെബ്രുവരി 20 നും മൂന്നാം വർഷ തത്വ ശാസ്ത്രവിദ്യാർത്ഥികളുടെ **Comprehensive Written, Comprehensive Oral** പരീക്ഷകൾ യഥാക്രമം മാർച്ച് 1, 12 എന്നീ തിയ്യതികളിലും നടന്നു.

**അദ്ധ്യയന വർഷാവസാന ധ്യാനം**

ഡീക്കൻ പട്ടവും മറ്റു ചെറുപട്ടങ്ങളും സ്വീകരിക്കാനൊരുങ്ങുന്ന ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ഈ അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽ ബഹു. വിൻസെന്റ് കുണ്ടുകുളമച്ചന്റെ നേതൃത്വത്തിൽ ധ്യാനം നടത്തി. മാർച്ച് 13 ന് രാത്രി ആംഭിച്ച ധ്യാനം മാർച്ച് 15 ന് ഉച്ചതിരിഞ്ഞ് സമാപിച്ചു. തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ധ്യാനം നയിച്ചത് സാഗർ രൂപതാംഗമായ ബഹു. ഫാ. ബാബു ചിരിയങ്കണ്ടത്താണ്. മാർച്ച് 14-ാം തിയ്യതി വൈകീട്ട് മുതൽ 15-ാം തിയ്യതി ഉച്ചവരെയായിരുന്നു ധ്യാനം.

**അവധിക്കാലം**

2017-2018 അദ്ധ്യയന വർഷത്തിന് 2018 മാർച്ച് 15-ാം തിയ്യതി തിരശ്ശീല വീണു. മെയ് 28-ാം തിയ്യതി അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള ഒന്നാംവർഷ ദൈവശാസ്ത്ര-തത്വശാസ്ത്ര വിദ്യാർത്ഥികൾ സെമിനാരിയിൽ എത്തിച്ചേരും. മെയ് 30 ന് എല്ലാ വൈദിക വിദ്യാർത്ഥികളും അവധിക്കാലത്തിനുശേഷം സെമിനാരിയിൽ തിരിച്ചെത്തും.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീ. ജോഷി വർഗ്ഗീസ് ടി., തരകൻ മേലൂട്ട് ഹൗസ് കൂനമ്മൂച്ചി.
2. ഡോ. ഷാജു കെ. ആൽബർട്ട്, നമ്പർ 1, മോഹനം, അനുപുരം, തമിഴ്നാട്.

## Individual Benefactor Membership

1. വെരി. റവ. ഫാദർ ഡഗ്ലസ് പീറ്റർ ചെറുവത്തൂർ, തൃശ്ശൂർ അതിരൂ പത
2. ശ്രീമതി ഫിലോമിന ഫ്രാൻസിസ്, തൈക്കാടൻ ഹൗസ്, അത്താണി.
3. ശ്രീമതി ലെറ്റീഷ്യ എം. ജെ., ലിറ്റിൽ ഫ്ളവർ കോളേജ്, ഗുരുവായൂർ.

ഈശോയുടെ ശിഷ്യത്വ പാതയിലൂടെ സഞ്ചരിക്കുന്ന ഞങ്ങളെ പ്രാർത്ഥനകൊണ്ട് ബലപ്പെടുത്തിയും സാമ്പത്തിക സഹായം കൊണ്ട് പിന്തുണച്ചും അനുയാത്ര ചെയ്യുന്ന ഏവരെയും ദൈവം തന്റെ കൃപകളാൽ നിറയ്ക്കട്ടെ.

**ഫാ. ജെയ്സൻ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

**1. കൃതജ്ഞതയും സ്വാഗതവും**

കഴിഞ്ഞ പതിനൊന്ന് വർഷമായി ആത്മീയ പിതാവായി സ്തുത്യർഹമായ സേവനം കാഴ്ചവെച്ചതിനുശേഷം ക്രൈസ്റ്റ് വില്ലയിലേക്ക് മാറിപ്പോയ ബഹു. പോൾ ചിറ്റിലപ്പിള്ളി അച്ചനും കഴിഞ്ഞ രണ്ടുവർഷമായി ഫാദർ പ്രീഫെക്ട് ആയി നിസ്തുലമായ സേവനം ചെയ്ത് അതിരൂപത മാര്യേജ് ട്രൈബ്യൂണലിലേക്ക് സേവനത്തിനായി പോയ ബഹു. ബിനോയ് ചിറ്റിലപ്പിള്ളി അച്ചനും സെമിനാരി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മൈനർ സെമിനാരിയുടെ ആത്മീയ പിതാവായി ചുമതലയേറ്റ ബഹു. വർഗ്ഗീസ് എടക്കളത്തൂർ അച്ചനും ഫാദർ പ്രീഫെക്ടായി ശുശ്രൂഷയാരംഭിച്ചിരിക്കുന്ന ബഹു. ഡെന്നി ചിറയത്ത് അച്ചനും ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

**2. മാസധ്യാനം**

ഈ അദ്ധ്യായന വർഷത്തിലെ അവസാനത്തെ മാസധ്യാനത്തിന് മാർച്ച് 2, 3 തിയതികളിൽ മൈനർ സെമിനാരിക്കാർക്ക് ബഹു. ജോമോൻ മുരിങ്ങത്തേരി അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. ഡെന്നി ചിറയത്ത് അച്ചനും മാർച്ച് 9, 10 തിയതികളിൽ റീജൻസി ബ്രദേഴ്സിന് ബഹു. വർഗ്ഗീസ് എടക്കളത്തൂർ അച്ചനും ധ്യാനചിന്തകൾ നൽകി.

**3. അഭിവന്ദ്യപിതാവിന്റെ ദിവ്യബലിയർപ്പണം**

മാർച്ച് 3–ാം തിയതി അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**4. പരീക്ഷകൾ**

മൈനർ സെമിനാരിയിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷകൾ മാർച്ച് 05 മുതൽ 17 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന സെമിനാരിക്കാരുടെ പരീക്ഷകൾ മാർച്ച് 7–ാം തിയതി ആരംഭിച്ച് മാർച്ച് 26ന് സമാപിച്ചു.

**5. അവധിക്കാലം**

ഈ വർഷത്തെ വേനലവധി മാർച്ച് 17ന് ആരംഭിച്ചു. മെയ് 20–ാം തിയതി സെമിനാരി വീണ്ടും സാധാരണ നിലയിൽ പ്രവർത്തന സജ്ജമാകും.

**6. റിസോഴ്സ് ക്യാമ്പ്**

ഇടവകകളിൽ വേനലവധിക്കാലത്ത് നടത്താനിരിക്കുന്ന ദൈവദർശൻ ക്യാമ്പുകൾക്കൊരുക്കമായിട്ടുള്ള റിസോഴ്സ് ക്യാമ്പ് മാർച്ച് 20, 21, 23 തിയതികളിൽ മൈനർ സെമിനാരിയിൽ നടന്നു. ബഹു. ഡെയ്സൺ മുണ്ടോപ്പുറം അച്ചൻ മേജർ സെമിനാരി വിദ്യാർത്ഥികളെ ദൈവദർശൻ ക്യാമ്പിനായി ഒരുക്കി.

**7. മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ ദൈവശാസ്ത്രപരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികൾ മാർച്ച് 22ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ എന്നീ പട്ടങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവപ്പുശുശ്രൂഷ വഴി സ്വീകരിച്ചു.

**8. ബേഴ്സ് സ്ഥാപിച്ചവർ**

1. റവ. ഫാ. റാഫേൽ വടക്കൻ
2. ശ്രീ. പി. വി. ജോർജ്ജ്, പൂവ്വത്തിങ്കൽ ഹൗസ്,
   പനംകുറ്റിച്ചിറ
3. ശ്രീ. സി. സി. ജോസഫ്, ചൊവ്വല്ലൂർ ഹൗസ്, ആർത്താറ്റ്

പ്രാർത്ഥനയാലും ത്യാഗപൂർണ്ണമായ സംഭാവനകളാലും ഈശോയുടെ സഭയെയും സഭാശുശ്രൂഷകരെയും പിന്തുണയ്ക്കുന്ന എല്ലാവരേയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ



# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**'സ്വരം 2018'**

ജൂബിലി മിഷൻ ആശുപത്രിയിലെ ആയുർവ്വേദ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 24.02.2018 ന് വോക്കോളജിയുമായി ബന്ധപ്പെട്ട് സെമിനാർ 'സ്വരം–2018', സ്വരസംബന്ധമായ രോഗങ്ങൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂബിലിയിലെ മെഡിക്കൽ കോളേജ് ബ്ലോക്കിലെ ഓൾഡ് സി.സി.എം. ഹാളിൽ വെച്ച് നടത്തി. പ്രശസ്ത വോക്കോളജിസ്റ്റായ റവ. ഫാ. പോൾ പൂവ്വത്തിങ്കൽ സി.എം.ഐ. മുഖ്യപ്രഭാഷണം നടത്തി. ജൂബിലി ആയുർവ്വേദയുടെ സീനിയർ കൺസൾട്ടന്റ് ഡോ. അനുമോദ് എ. കാക്കശ്ശേരി സ്വരസംബന്ധമായ രോഗങ്ങൾക്കുള്ള ആയുർവ്വേദചികിത്സാ രീതികളെകുറിച്ച് വിശദമായി പ്രതിപാദിച്ചു.

**'ജൂബിലി @ ഹോം'**

ജൂബിലി മിഷൻ ആശുപത്രിയുടെ പുതിയ സംരംഭമായ സഞ്ചരിക്കുന്ന ആരോഗ്യ കേന്ദ്രം – ജൂബിലി @ ഹോമിന് ആരംഭമായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷന്റെ സാമൂഹിക പ്രതിബന്ധതയുടെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹായത്തോടുകൂടി തുടങ്ങുന്ന ഈ പദ്ധതി വഴി ആശുപത്രിയിലെ വാസവും ചികിത്സാചിലവുകളും പരമാവധി കുറയ്ക്കാൻ സഹായകമാകുന്നു. ആശുപത്രിയിൽ അഡ്മിഷനായതിനുശേഷം തുടർപരിചരണം ആവശ്യമായി വരുന്ന രോഗികൾക്കാണ് പ്രധാനമായും ഈ സംരംഭത്തിന്റെ ഗുണം ലഭിക്കുക. ഇത് ഒരു സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ സംരംഭമാണ്. ആശുപത്രിയുടെ 25 കി.മി. ചുറ്റളവിലുള്ള രോഗികൾക്കാണ് ഈ സൗകര്യം ഇപ്പോൾ ലഭ്യമാകുക. ആഴ്ചയിൽ രണ്ട് ദിവസം ജൂബിലിയുടെ മൊബൈൽ യൂണിറ്റുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ

എത്തുന്നതാണ്. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 'കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി' യുടെ ഭാഗമായി ജൂബിലി മിഷൻ ആശുപത്രിക്കു നൽകിയിട്ടുള്ള രണ്ട് ഇലക്ട്രിക് കാറുകളും, ഇതിനുവേണ്ടി പ്രത്യേകം ഡിസൈൻ ചെയ്തിട്ടുള്ള ജൂബിലി കണക്റ്റോ മൊബൈൽ ആപ്പുമാണ് ഇതിനായി ഉപയോഗിക്കുത്.

ജൂബിലി കണക്റ്റോ മൊബൈൽ ആപ്പ് വഴി ആവശ്യക്കാർക്ക് ഈ സേവനം ബുക്ക് ചെയ്യാവുന്നതാണ്. ഇതിന്റെ ആദ്യഘട്ടത്തിൽ ഓപ്പറേഷനുശേഷം തുടർച്ചയായി മുറിവ് പരിചരണവും ഡ്രസ്സിങ്ങും ആവശ്യമായ രോഗികൾക്ക് വീടുകളിൽ ചെന്ന് രക്ത സാമ്പിൾ ശേഖരിക്കുന്നതും, ഫിസിയോതെറാപ്പി നൽകുന്നതും ഉൾപ്പെടുന്നു.

പ്രകൃതി സൗഹൃദ ഊർജ്ജസ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുതിനായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള 257 KW സോളാർ പ്ലാന്റിന്റെ ഉദ്ഘാടനവും ജൂബിലി @ ഹോം പദ്ധതിയുടെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 'കോർപ്പറേറ്റ് സോഷ്യൽ റെസ്പോസിബിളിറ്റി' പ്രോജക്റ്റ് വഴി സ്ഥാപിക്കു 75 KW സോളാർ പ്ലാന്റിന്റെ ഉദ്ഘാടനവും ഇതോടനുബന്ധിച്ച് നിർവ്വഹിക്കുന്നു.

ജൂബിലി @ ഹോം മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യുന്നതിനായി താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. അല്ലെങ്കിൽ ഗൂഗിൾ പ്ലേ സ്റ്റോർ സന്ദർശിക്കുക.

https://play.google.com/store/apps/details?id=com.hospital.cloudfoyo.jubilee

കൂടുതൽ വിവരങ്ങൾക്കായി +91 7034912000 എന്ന നമ്പറിൽ ബന്ധപ്പെടുക.

### ജേർണൽ ക്ലബ്ബ്

ജൂബിലി ഗവേഷണകേന്ദ്രത്തിൽ ജേർണൽ ക്ലബ്ബ് യോഗത്തിൽ പ്ലാസ്റ്റിക് സർജറി വിഭാഗം അസി. പ്രൊഫസർ ഡോ. നവീൻ ഐസക് ജോൺ പ്രബന്ധം അവതരിപ്പിച്ചു. 'Surgical complications and their implications for surgeons well being'-. എന്നതായിരുന്നു വിഷയം. തുടർന്നു നടന്ന ചർച്ചകളിൽ ഡോ. ലോല രാമചന്ദ്രൻ, ഡോ. പല്ലവി പഞ്ചു എന്നിവർ ചർച്ചകളിൽ പങ്കെടുത്തു.

### NAT കാലഘട്ടത്തിന്റെ ആവശ്യം
### (ജേർണൽ ക്ലബ്ബിന്റെ 25–ാമത് പ്രസന്റേഷൻ)

വൈറൽ ഹെപ്പാറ്റൈറ്റിസ്, എയിഡ്സ് തുടങ്ങിയ അസുഖങ്ങൾ രക്തദാതാക്കളിൽ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. രക്തദാനത്തിലൂടെ അസുഖങ്ങൾ വ്യാപകമാകുന്നത് തടയുവാൻ (NAT) (Nucleic Acid Amplification Test) അത്യാവശ്യമാണെ

ജൂബിലി ജേർണൽ ക്ലബ്ബിന്റെ 25–ാമത് യോഗത്തിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പാൾ ഡോ. സുശീല ജേക്കബ്ബ് ഇന്ന അഭിപ്രായപ്പെട്ടു. വൈറസ് ബാധയുമായി 7 ദിവസം കഴിയുന്തോടെ NAT ൽ ഫലം ലഭിക്കുമെന്നത് നിലവിലുള്ള ELISA രീതിയേക്കാൾ വളരെ മെച്ചപ്പെട്ടതാണ്. എല്ലാ രക്തദാതാക്കളേയും NAT–ന് വിധേയമാക്കി വൈറസ് അണുബാധ കൂടുതൽ കാര്യക്ഷമമായി കണ്ടുപിടിക്കുന്നതുവഴി ധാരാളം പേർക്ക് മാരകമായ രോഗം പകരുന്നത് തടയാനാകും.

ഫെബ്രുവരി 21–ന് നടന്ന യോഗത്തിൽ ഇൻഡ്യൻ ജേർണൽ ഓഫ് പാത്തോളജി ആന്റ് മൈക്രോബയോളജിയിൽ, 2017–ൽ പ്രസിദ്ധീകരിച്ച ലേഖനത്തെ അടിസ്ഥാനമാക്കിയാണ് ഡോ. സുശീല പ്രസംഗം അവതരിപ്പിച്ചത്.

**കേരള സയൻസ് കോൺഗ്രസ്സിൽ പ്രബന്ധം അവതരിപ്പിച്ചു**

കേരള സർക്കാർ ശാസ്ത്രസാങ്കേതിക ശാസ്ത്രവകുപ്പിന്റെ കീഴിൽ തലശ്ശേരിയിൽ നടന്ന മുപ്പതാമത് കേരള സയൻസ് കോൺഗ്രസ്സിൽ നിയോനാറ്റോളജി വിഭാഗം ഫെല്ലോ ഡോ. സിതാര സുരേന്ദ്രൻ ഗവേഷണ പ്രബന്ധം അവതരിപ്പിച്ചു. ഡോ. വി. സി. മനോജിന്റെ കീഴിൽ Umbilical cord milking–നെക്കുറിച്ച് നടന്ന പഠനമാണ് അവതരിപ്പിച്ചത്.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

'ഇന്റർനാഷണൽ എക്സം'റി റിസേർച്ച് ആന്റ് പെർഫോമൻസിന്റെ (iERP) 2018–ലെ സുശ്രുത വിഭാഗത്തിലെ യങ്ങ് ഡെന്റൽ അച്ചീവർ ഓഫ് ദ ഇയർ (സീനിയർ) അവാർഡിന് ചാൾസ് പിന്റോ സെന്ററിലെ അസി. പ്രൊഫസർ

ഡോ. വരുൺ മേനോൻ പി. അർഹനായി.

അനാറ്റമിക്കൽ സൊസൈറ്റിയുടെ വാർഷിക കോഫറൻസ് – FLUENTA 2018' സി.എം.ഇ.–യിൽ ഫാക്കൽറ്റികളുടെ പോസ്റ്റർ പ്രസന്റേഷനിൽ 'ഡോ. അനു ഫ്രാൻസിസ് (അനാറ്റമി വിഭാഗം) ബെസ്റ്റ് പോസ്റ്റർ' അവാർഡ് നേടി.

തിരുവനന്തപുരത്ത് നടന്ന 27–ാമത് ഇന്ത്യൻ സൊസൈറ്റി ഓഫ് 'ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ആന്റ് ഇമ്മ്യുണോഹെമറ്റോളജി (ISBTI) ക്വിസ് മത്സരത്തിൽ ഡോ ദിവ്യ വേണുഗോപാലും, ഡോ. ലിന്റ ജോണും സമ്മാനർഹരായി.

**പുതിയ ഡോക്ടർമാർ**

ഡോ. ഡോൺ ജോസ് കെ (ജനറൽ സർജറി വിഭാഗം)

**മെഡിക്കൽ ക്യാമ്പുകൾ**

തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ രക്തപരിശോധനയും മെഡിക്കൽ ക്യാമ്പും നടന്നു.

തൃശ്ശൂർ ലൂർദ്ദ്സ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ ആയ്യൂർവ്വേദ ക്യാമ്പ് നടന്നു.

പാവറട്ടി ഗവൺമെന്റ് യു. പി. സ്കൂളിൽ ഓങ്കോളജി & മെഡിക്കൽ ക്യാമ്പ് നടന്നു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ശ്രീമതി ജീന, JMMC, തൃശ്ശൂർ

മേരി ഇമ്മാക്കുലേറ്റ് ചർച്ച്, സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, മരത്താക്കര, തൃശ്ശൂർ

ശ്രീ. വാസുദേവൻ, C/o ഡോ. ബിന്ദു, JMMC, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ (20 ഡയാലിസിസ്)

സെന്റ് പീറ്റേഴ്സ് ചർച്ച്, തൃപ്രയാർ (52 ഡയാലിസിസ്)

ഇൻഫന്റ് ജീസസ് ചർച്ച്, കടങ്ങോട്, തൃശ്ശൂർ (50 ഡയാലിസിസ്)

ശ്രീമതി മറിയാമ്മ ഡേവിസ്, കുന്നപ്പിള്ളി ഹൗസ്, മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ (24 ഡയാലിസിസ്)

സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ്, വിമലമാതാ ചർച്ച്, പറവട്ടാനി, തൃശ്ശൂർ
(20 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**Emerging Perspectives in Research with Delegates" ഏകദിനസെമിനാർ :** കോളേജിലെ ഐ.ഇ.ഇ.ഇ.–ഐ.എ.എസ്. സ്റ്റുഡന്റ് ചാപ്ടറിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 10ന് Emerging Perspectives in Research with Delegates എന്ന വിഷയത്തിൽ ഏകദിന

സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന് ഡോ. മൽക നിഷാന്തി ഹാൽമുറ് (റിസർച്ച് ഫെല്ലോ / സയന്റിസ്റ്റ്, യൂണിവേഴ്സിറ്റി ഓഫ് മെൽബറോൺ, ആസ്ട്രേലിയ) നേതൃത്വം നല്കി.

**ആർട്സ് & സ്പോർട്ട് ഡേ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ആർട്സ് & സ്പോർട്സ് ഡേ, ഫെബ്രുവരി 17ന് നടന്നു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു.

**നാഷണൽ സയൻസ് ഡേ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നാഷണൽ സയൻസ് ഡേ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. ഡോ. ജോർജ്ജ് പീറ്റർ പിട്ടാപ്പിള്ളിൽ സി.എം.ഐ. (റിന്യൂവബിൾ എനർജി സെന്റർ, ആലുവ) ഉദ്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, പ്രോഗ്രാം കോഡിനേറ്റർ സ്മിജ സ്ക്കറിയ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**അന്താരാഷ്ട്ര വനിതാദിനം :** മാർച്ച് 8ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, അന്താരാഷ്ട്രവനിതാദിനം ആഘോഷിച്ചു. കോളേജിലെ വുമൺസ് ഡെവലപ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടികളുടെ ഉദ്ഘാടനം സന്ധ്യ മന്നാത്ത് (ഡയറക്ടർ, പി.എൻ. എൻ.എം. ആയുർവേദ മെഡിക്കൽ കോളേജ്) നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രൊഫ. ആനി. പി. വിൻസെന്റ്, നിവ്യ വിൽസൺ (കോഡിനേറ്റർ, വുമൺസ് ഡെവലപ്മെന്റ് സെൽ), വിദ്യാർത്ഥി പ്രതിനിധി പുത്തൂർ സ്നേഹ ബെന്നി തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

എൻ.ബി.എ. റീ–അക്രിഡിറ്റേഷൻ : മാർച്ച് 9ന്, എൻ.ബി.എ. റീ–അക്രിഡിറ്റേഷനുവേണ്ടി തയ്യാറെടുക്കുന്നതിന്റെ ഭാഗമായി ഡോ. മനോജ് പി. തരിയാന്റെ (എൻ.ബി.എ. കോഡിനേറ്റർ, രാജഗിരി സ്ക്കൂൾ ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി) നേതൃത്വത്തിൽ അദ്ധ്യാപകർക്കായി ഏകദിന ശില്പശാല സംഘടിപ്പു.

**മോൺ. തോമസ് കാക്കശ്ശേരി**

**മാനേജർ**




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

**സെന്റ് തോമാസ് കോളേജിൽ ഭൗതിക ശാസ്ത്ര പ്രഭാഷണ പരമ്പര**

സെന്റ് തോമസ് കോളേജിലെ ഭൗതിക ശാസ്ത്ര അധ്യാപകനായിരുന്ന പ്രഫ. സീതാരാമന്റെ ഓർമ്മയ്ക്കായുള്ള പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനം കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ നിർവ്വഹിച്ചു. വിശ്വാസവും ശാസ്ത്രവും പരസ്പര പൂരകങ്ങളാണെന്നും മനുഷ്യനിൽ ദൈവത്തെ കാണുമ്പോഴാണ് വിശ്വാസവും ശാസ്ത്രവും പൂർണ്ണതയിലെത്തുന്നതെന്നും ഉദ്ഘാടന കർമ്മം നിർവഹിച്ച് മാർ ടോണി പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. പി.ഒ.ജെൻസൻ അധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ വകുപ്പു മേധാവി പ്രഫ.ടി.കെ.നടരാജൻ പ്രഫ.സീതാരാമൻ അനുസ്മരണം നടത്തി.
ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.എച്ച്.എസ്.മണി.ഗ്രൂപ്പ് തിയറി സംബന്ധിച്ചും സൂര്യോദയത്തിന്റേയും അസ്തമയത്തിന്റേയും വിവിധ പ്രദേശങ്ങളിലെ സമയക്രമം നിശ്ചയിക്കുന്നതു സംബന്ധിച്ചുമുള്ള ടെക്നിക്കൽ സെഷൻ കൈകാര്യം ചെയ്തു. പ്രഫ.സീതാരാമന്റെ അരുമശിഷ്യനായ ടെക്സാസ് യൂണിവേഴ്സിറ്റിയിലെ പ്രഫ.ടി.ആർ.വിശ്വനാഥനാണ് പ്രഭാഷണ പരമ്പരയൊരുക്കിയത്.

**സെന്റ് തോമസ് കോളേജിൽ പ്രിൻസിപ്പാളിന് യാത്രയയപ്പ് :**
ഡോ.ജെൻസൻ സെന്റ് തോമാസിനെ നയിച്ച ക്രാന്തദർശിയാണെന്ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്തയും സെന്റ്.തോമസ് കോളേജ് പേട്രനുമായ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. കോളേജിലെ വിരമിക്കുന്ന ജീവനക്കാരുടെ യാത്രയയപ്പുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. "കോളേജിനെ സംബന്ധിച്ചിടത്തോളം സുവർണ്ണ ലിപികളിൽ എഴുതപ്പെടേണ്ട പേരാണ് ഡോ. പി.ഒ.ജെൻ

സന്റേത്. കോളേജിലെ അച്ചടക്ക നിലവാരം ഉയർത്തുന്നതിലും പഠന – പാഠ്യേതര മികവിലും കോളേജിന്റെ ഒട്ടോണമസ് പദവി, യുജിസിയുടെ കോളേജ് വിത്ത് പൊട്ടൻഷ്യൽ ഫോർ എക്സലൻസ് പദവി എന്നിവ കോളേജിന് ലഭ്യമാകുന്നതിലും അദ്ദേഹത്തിന്റെ പങ്കും കർമ്മബോധവും പ്രത്യേകം എടുത്തു പറയേണ്ടതാണ്" – മാർ താഴത്ത് കൂട്ടിച്ചേർത്തു.

സെന്റ് തോമസ് കോളേജിൽ നിന്ന് ഈ അദ്ധ്യയനവർഷം വിരമിക്കുന്നവർക്കു വേണ്ടിയുള്ള യാത്രയയപ്പ് യോഗം കോളേജിലെ മോൺ.ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്നു. സെന്റ് തോമാസ് കോളേജിലെ 33 വർഷക്കാലത്തെ അധ്യാപനത്തിനും പ്രിൻസിപ്പാളായുള്ള 8 വർഷത്തെ സേവനത്തിനും ശേഷം വിരമിക്കുന്ന ഡോ. പി.ഒ.ജെൻസൻ, അനധ്യാപകരായ ഹെഡ് എക്കൗണ്ടന്റ് – എം.ജി.ആന്റോ, സീനിയർ ക്ലർക്ക് – സി.എൽ.ലോനപ്പൻ, ലാബ് അസിസ്റ്റന്റ്– സി.എൽ.ആൻഡ്രൂസ് എന്നിവർക്കാണ് ജീവനക്കാരും വിദ്യാർത്ഥികളും ചേർന്ന് യാത്രയയപ്പ് നൽകിയത്.

കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു യാത്രയയപ്പ് യോഗം തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉൽഘാടനം ചെയ്തു.കോളേജിന്റെ എക്സികുട്ടിവ് മാനേജരും ബർസാറുമായ ഫാ.വർഗ്ഗീസ് കൂത്തൂർ മുഖ്യ പ്രഭാഷണം നടത്തിയ യാത്രയയപ്പ് യോഗത്തിൽ വൈസ് പ്രിൻസിപ്പാൾ റവ.ഡോ.മാർട്ടിൻ കൊളംബ്രത്ത്, സീനിയർ സൂപ്രണ്ട് –സി.സി. ജോയ്, കോളേജ് ചെയർമാൻ – ശബരീദാസ് എന്നിവർ ആശംസകളർപ്പിച്ചു.

തന്റെ സർവീസ് കാലയളവിൽ മാനേജുമെന്റും ജിവനക്കാരും വിദ്യാർത്ഥികളും രക്ഷിതാക്കളും നൽകിയ പിന്തുണയ്ക്ക് മറുപടി പ്രസംഗം നടത്തിയ പ്രിൻസിപ്പാൾ നന്ദി പറഞ്ഞു. വിരമിക്കുന്ന മറ്റു ജീവനക്കാർ മറുപടി പ്രസംഗം നടത്തി.

**സെന്റ് തോമസ് കോളേജിൽ ഗവേഷക സംഗമം**

തൃശൂർ സെന്റ് തോമസ് കോളേജിൽ റിസർച്ച് കൗൺസിലിന്റെ നേതൃത്വത്തിൽ ഗവേഷകസംഗമം ആരോഗ്യസർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസ്, അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷനായി.

**കെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ സെമിനാർ**

സെന്റ് തോമസ് കോളേജിൽ രസതന്ത്ര വകുപ്പിന്റെ നേതൃത്വത്തിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ സ്പോൺസർഷിപ്പിൽ, അഡ്വാൻസ് ഇൻ സ്പെക്ട്രോസ്കോപി എന്ന വിഷയത്തിൽ സെമിനാർ ന

ടന്നു. രസതന്ത്രവകുപ്പ് മേധാവി ഡോ. ജോബി തോമസ് കെ. സ്വാഗതം ആശംസിച്ചു. എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. വർഗീസ് കൂത്തൂർ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് 20 എൻ.എം.ആർ. ടെക്നിക്സിൽ, കുസാറ്റിലെ അപ്ലൈഡ് കെമിസിട്രി വിഭാഗത്തിൽ നിന്നും വിരമിച്ച ഡോ. സുഗുണൻ നൂതനവും വിജ്ഞാനപ്രദവുമായ അറിവുകൾ പകർന്നു. ഗ്രൂപ്പ് തിയറി ആന്റ് ഇലക്ട്രോണിക് സ്പെക്ട്രോസ്കോപി എന്ന വിഷയത്തെ അധികരിച്ച്, ആലുവ യു.സി. കോളേജിൽ നിന്നും വിരമിച്ച പ്രൊഫ. ഡോ. സി.ജി. രാമൻകുട്ടി ക്ലാസ് നയിച്ചു. പ്രോഗ്രാം കൺവീനർ ഡോ. പോൾസൺ മാത്യു നന്ദി പറഞ്ഞു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

### സ്പോർട്സ് ഡേ സംഘടിപ്പിച്ചു

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 9–ാം തിയ്യതി സ്പോർട്സ് ഡേ സംഘടിപ്പിച്ചു. സ്പോർട്സ് ഭാരവാഹികളായ സീനിയർ വിഭാഗത്തിലെ എ.രേഷ്മ നായർ, ജൂനിയർ വിഭാഗത്തിലെ ജെഫിൻ.പി.ജെ എന്നിവരുടെ നേതൃത്വത്തിൽ സ്പോർട്സ് ഡേ അതിവിപുലമായി നടന്നു.

### ആർട്സ് ഡേ സംഘടിപ്പിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 16–ാം തിയ്യതി ആർട്സ് ഡേ വിപുലമായി ആഘോഷിച്ചു. ആർട്സ് ഭാരവാഹികളായ ജൂനിയർ വിഭാഗത്തിലെ റംഷീദ എൻ.എം, സീനിയർ വിഭാഗത്തിലെ ആതിര ഒ.വി എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം വഹിച്ചു. കണ്ണിന് ഇമ്പമാർന്ന കലാപരിപാടികൾ ശ്രദ്ധേയമായിരുന്നു.

### കോളേജ് ഡേ ആഘോഷിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 23–ാം തിയ്യതി കേളേജ് ഡേ വർണാഭമായി ആഘോഷിച്ചു. വിവിധ കലാപരിപാടികൾ ചടങ്ങിന് മാറ്റു കൂട്ടി.

### പൂർവ്വവിദ്യാർത്ഥി സംഗമം ആഘോഷിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 10–ാം തിയ്യതി ശനിയാഴ്ച പൂർവ്വവിദ്യാർത്ഥി സംഗമം അതിവിപുലമായി ആഘോഷിച്ചു. 2002 മുതലുള്ള വിദ്യാർത്ഥികളും, അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

### വേനലവധി ആരംഭിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ മാർച്ച് 23–ാം തിയ്യതി മുതൽ വേനലവധി ആരംഭിച്ചു. മെയ് 21–ാം തിയ്യതി ക്ലാസുകൾ പുനരാരംഭിക്കും.

### പഠനയാത്ര നടത്തി

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ ഫെബ്രുവരി 19 മുതൽ 26 വരെ ഒൻപതുദിവസം നീണ്ടു നിന്ന പഠനയാത്ര സംഘടിപ്പിച്ചു. ആഗ്ര, പഞ്ചാബ്, ഡൽഹി, വാഗാബോർഡർ എന്നീ ഉത്തരേന്ത്യൻ സ്ഥലങ്ങളിലേയ്ക്കുള്ള യാത്ര അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും നവാനുഭവം നൽകി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

## സാന്ത്വനം

### തൊഴിലധിഷ്ഠിത നൈപുണ്യ വികസനപരിശീലനം ആരംഭിച്ചു.

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ എൻറർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ മൈക്രോ എന്റർപ്രൈസ് ഡെവലപ്പമെന്റ് പ്രോഗ്രാം ചേലക്കര മേഖലയിലും വെള്ളാനിക്കോട് റീജിയണിലും ആരംഭിച്ചു. ആഗോള പ്രശസ്തമായ എക്സഞ്ചർ കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായുള്ള

സാമ്പത്തികസഹായം ഈ പദ്ധതിക്ക് ലഭ്യമാണ്. സമൂഹത്തിലെ നിർധന വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനാവുക എന്നതാണ് ഒരു മാസം നീണ്ടുനില്ക്കുന്ന ഈ തൊഴിൽ പരിശീലനം ലക്ഷ്യമിടുന്നത്. അഭിമുഖത്തിനുശേഷം തിരഞ്ഞെടുക്കപ്പെട്ട 46 സ്ത്രീകൾക്കാണ് രണ്ട് സ്ഥലങ്ങളിലും പരിശീലനത്തിന് പ്രവേശനം നല്കിയിരിക്കുന്നത്. ചേലക്കരയിൽ ജൂട്ട് ബാഗ് നിർമ്മാണവും വെള്ളാനിക്കോട് മണ്ണിരക മ്പോസ്റ്റ് നിർമ്മാണവുമാണ് പരിശീലനവിഷയങ്ങൾ. ചേലക്കര പാസ്റ്ററൽ സെന്ററിലും വെള്ളാനിക്കോട് കല്ലൂർ സെന്റ് ആന്റണീസ് പള്ളി ഹാളിലുമാണ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്.

**FDP-എക്സ്റ്റേണൽ ഇവാല്യുവേഷൻ നടത്തി.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി SAFPയുടെ എക്സ്റ്റേണൽ ഇവാല്യുവേറ്റർമാരായ ശ്രീ. ജോസഫ്, ശ്രീമതി. ജാൻസി തുടങ്ങിയവർ മൂന്ന് ദിവസങ്ങളിലായി സാന്ത്വനം ഓഫീസ് സന്ദർശിച്ചു. ഒന്നാം ദിവസം സാന്ത്വനത്തിലെ SAFP യുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും രണ്ടാംദിവസം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു. ഇവാല്യുവേഷനു വന്നവരും സാന്ത്വനത്തിലെ SAFP കോ-ഓർഡിനേറ്റേഴ്സും ആനിമേറ്റേഴ്സും ചേർന്നാണ് കുടുംബ സന്ദർശനം നടത്തിയത്. വില്ലടം ഇടവകയിൽ നടത്തിയ ഫാമിലി ഏക്ഷൻ ടീം(FAT) മീറ്റിങ്ങിൽ സാന്ത്വനം ഡയറക്ടറും പങ്കെടുത്തു. SAFP ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റേഴ്സ് എന്നിവരെയെല്ലാം മൂന്നാം ദിവസം വ്യക്തിപരമായി അഭിമുഖം നടത്തി.

**KSBCDC ലോൺ ലഭ്യതയ്ക്ക് സാന്ത്വനം അർഹത നേടി.**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ(KSBCDC) മുൻകാലങ്ങളിൽ നല്കിയ ലോണുകൾ, കൃത്യമായി തിരിച്ചടവ് പൂർത്തീകരിച്ച NGO കൾക്ക് നല്കുന്ന പുതിയ വായ്പക്കായി സാന്ത്വനം-സോഷ്യൽ വെൽഫെയർ സെന്റർ അർഹത നേടി. സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് വായ്പ അനുവദിക്കുന്നത്. പുതിയ വായ്പയെക്കുറിച്ചും അതിന് അപേക്ഷ നല്കേണ്ട സാങ്കേതിക രീതിയെക്കുറിച്ചും പരിശീലനം നല്കുന്ന വർക്കുഷോപ്പിൽ സാന്ത്വനം പ്രതിനിധികൾ പങ്കെടുത്തു. എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വെച്ച് നടത്തിയ പരിപാടിയിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, സ്റ്റാഫം

ഗങ്ങളായ സി.പി. ജോർജ്ജ്, ഗ്ലിന്റ ജോസ് തുടങ്ങിയവർ പങ്കെടുത്തു. KSBCDC ചെയർമാൻ ശ്രീ. സംഗീത് ചക്രപാണി ഉദ്ഘാടനം ചെയ്ത യോഗത്തിൽ മാനേജിംഗ് ഡയറക്ടർ ശ്രീ.ബാലഭാസ്കരൻ, ജനറൽ മാനേജർ ശ്രീ.ബാലകൃഷ്ണൻ എന്നിവർ സ്ഥാപനത്തിൽകൂടി നല്കുന്ന ലോണുകളെപ്പറ്റി ഒരു ചെറുവിവരണം നല്കുകയുണ്ടായി. പുതുതായി ആരംഭിക്കുന്ന ഓൺലൈൻ അപേക്ഷ സംബന്ധിച്ചും KSBCDCയുടെ ഓൺലൈൻ സോഫ്റ്റ്വെയറിനെക്കുറിച്ചും ശ്രീ. ദിലൻ ജോസ് ക്ലാസ് നയിച്ചു.

**ജെസ്പ് II**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ യൂണിറ്റുകളിൽ സന്ദർശനം നടത്തി. ഫെബ്രുവരി മാസത്തിൽ 8 യൂണിറ്റുകളിലാണ് സന്ദർശനം നടത്തിയത്. ഓരോ യൂണിറ്റുകളിലും നടത്തിയ മീറ്റിങ്ങുകളിൽ പദ്ധതിയിൽ അംഗങ്ങളായ കുട്ടികളും അവരുടെ മാതാപിതാക്കളും ആനിമേറ്റേഴ്സും പങ്കെടുത്തു. യോഗത്തിൽ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തി. വാർഷികപരീക്ഷ മുന്നിൽക്കണ്ട് പഠനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുകയും വേണ്ടതായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**ആശാകിരണം**

ആശാകിരണം കോർകമ്മിറ്റി മീറ്റിങ്ങ് സാന്ത്വനം ഓഫീസിൽവെച്ച് കൂടുകയുണ്ടായി. ജനുവരിയിൽ നടത്തിയ ആശാകിരണം വളണ്ടിയേഴ്സ് സംഗമത്തിന്റെ വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ ഭാവി പരിപാടികളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് Save a Family Plan ന്റെ മാനദണ്ഡപ്രകാരം പുതിയ കുടുബങ്ങളെ തെരഞ്ഞെടുക്കുന്നതിനായി പാണഞ്ചേരി പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ വാർഡുകൾ സന്ദർശിക്കുകയും അർഹരായ കുടുംബങ്ങളെ കണ്ടെത്തുകയും ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിപ്രകാരം സഹായങ്ങൾ ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

ചേലക്കര-Rs.20,000/-, മരത്താക്കര-Rs.13,000/-, പുറനാട്ടുകര-Rs.10,000/-, അരണാട്ടുകര-Rs.10,000/-, പറപ്പൂർ-Rs.20,000/-, തലോർ-Rs.12,000/-, തൈക്കാട്ടുശ്ശേരി-Rs.21,000/-,അന്തിക്കാട്-Rs.15,000/-,നടത്തറ-Rs.10,000/-.

**സ്നേഹനിധി വാർഷികപൊതുയോഗങ്ങൾ നടന്നു.**

അടാട്ട് സ്നേഹനിധി യൂണിറ്റിന്റെ വാർഷികപൊതുയോഗം പാരീഷ് ഹാളിൽ വെച്ച് സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്തു. വികാരി. ഫാ. ലിജോ ചിറ്റിലപ്പിള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കു കയും ചെയ്തു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധ തിയിൽ നിന്നും ഇതുവരെ 163 അംഗങ്ങൾക്കായി 8,65,000 /– രൂപ സഹാ യധനം നല്കി. 106 പേർക്ക് വിവാഹ സഹായവും 47 പേർക്ക് ചികിത്സാ സഹായവും 10 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ




**കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ മേഖല കൺവെൻഷൻ ബസിലിക്ക മേഖല**

ബസിലിക്ക, പുതുക്കാട്, ഒല്ലൂർ, പഴുവിൽ ഫൊറോനകളുടെ ഭാരവാഹികൾ സംയുക്തമായി ബസിലിക്ക മേഖല കൺവെൻഷൻ ബസിലിക്ക ഹാളിൽ മാർച്ച് 4 ഞായറാഴ്ച 2.30 ന് അതിരൂപത സഹാ യമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹി ക്കുകയുണ്ടായി. കുടുംബകൂട്ടായ്മ ഭാരവാഹികൾ പരസ്പര സ്നേഹ ത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും കൂട്ടായ്മ വളർത്തിക്കൊണ്ട് സഭ യുടെ പ്രചാരകരായി വർത്തിക്കണമെന്ന് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് പിതാവ് സംസാരിച്ചു. ബസിലിക്ക റെക്ടർ മോൺ ജോർജ്ജ്

എടക്കുളത്തൂർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത കുടുംബക്കൂട്ടായ്മ അസി. ഡയറക്ടർ ഫാ.അൽജോ കരേരക്കാട്ടിൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ, ബസിലിക്ക ആനിമേറ്റർ റവ.ഫാ.ജോസ് പയ്യപ്പിള്ളി CMI , ഒല്ലൂർ ഫൊറോന ആനിമേറ്റർ റവ.ഫാ. സെബി ചിറ്റാട്ടുകര, അതിരൂപത ജനറൽ കൺവീനർ ശ്രീ എ.എ ആന്റണി, അതിരൂപത ജനറൽ സെക്രട്ടറി പോൾ പാറയ്ക്കൽ, അതിരൂപത ട്രഷറർ ശ്രീ ഷിന്റോ മാത്യു, മേഖല കൺവീനർ ശ്രീ റപ്പായി തെക്കിനിയത്ത് എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയുണ്ടായി. കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ദൗത്യവും നിർവ്വഹണവും എന്ന വിഷയത്തെ അധികരിച്ചുകൊണ്ട് ജ്യോതി എഞ്ചി. കോളേജ് മാനേജർ റവ.ഫാ.റോയ് ജോസഫ് വടക്കൻ ക്ലാസ്സുകൾ നയിച്ചു. പ്രൊഫ.ജോർജ്ജ് അലക്സ്, പ്രീറ്റ്. ജെ. മെരിയാടൻ, ആന്റണി സി.കെ, സാന്റോ ഇട്ടിര എന്നിവർ നേതൃത്വം നൽകിയ കൺവെൻഷനിൽ 1250 പേർ പങ്കെടുത്തു.

**ലൂർദ്ദ് മേഖല**

കൊട്ടേക്കാട്, ലൂർദ്ദ്, പട്ടിക്കാട്, പുത്തൂർ ഫൊറോനകളുടെ ഭാരവാഹികൾക്കായി നടത്തിയ ലൂർദ്ദ് മേഖല സമ്മേളനം ലൂർദ്ദ് പള്ളിയിൽ വച്ച് മാർച്ച് 4 ഞായറാഴ്ച 2 മണിക്ക് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ലൂർദ്ദ് ഫൊറോന വികാരി റവ.ഫാ.ജോസ് ചാലക്കൽ അദ്ധ്യക്ഷത വഹിച്ച കൺവെൻഷനിൽ കുടുംബകൂട്ടായ്മ അതിരൂപത ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ ആമുഖപ്രഭാഷണം നടത്തുകയുണ്ടായി. അതിരൂപത കൺവീനർ ശ്രീ എ.എ ആന്റണി, അതിരൂപത ട്രഷറർ ശ്രീ ഷിന്റോ മാത്യു, കൊട്ടേക്കാട് ഫൊറോന കൺവീനർ ഇ.എൽ പോൾ, പൂത്തൂർ ഫൊറോന കൺവീനർ ജോസ് മാടാനി, പട്ടിക്കാട് ഫൊറോന കൺവീനർ ജിനീഷ് വടക്കുഞ്ചേരി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ലൂർദ്ദ് മേഖല കൺവീനർ ഡോണി ജോർജ്ജ് സ്വാഗതവും, കൺവെൻഷൻ കൺവീനർ ജെയ്സൺ മാണി നന്ദിയും പറഞ്ഞ കൺവെൻഷനിൽ 1150 പേർ പങ്കെടുത്തു വൻ വിജയമാക്കാൻ കഴിഞ്ഞു. കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ ദൗത്യവും നിർവ്വഹണവും എന്ന വിഷയത്തെക്കുറിച്ച് സേവനാലയം പള്ളി വികാരികൂടിയായ റവ.ഫാ.രാജു അക്കര അതിമനോഹരമായി ക്ലാസ്സിന് നേതൃത്വം നൽകി.

**വടക്കാഞ്ചേരി മേഖല**

ചേലക്കര, എരുമപ്പെട്ടി, വേലൂർ, വടക്കാഞ്ചേരി ഫൊറോനകളുടെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കൺവെൻഷൻ മാർച്ച്11 ഞായറാഴ്ച 2 മണിക്ക് ചേലക്കര ഫൊറോന പള്ളിയിൽ വച്ച് അതിരൂപത

വികാരി ജനറാൾ മോൺ.ജോർജ്ജ് കോമ്പാറ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഫൊറോന വികാരി വെരി.റവ.ഫാ.തോമസ് വടക്കൂട്ട് അദ്ധ്യക്ഷത വഹിച്ച കൺവെൻഷനിൽ അതിരൂപത ഡയറക്ടർ റവ.ഫാ.ഡെന്നി താണിക്കൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത കൺവെൻഷനിൽ ശ്രീ എ.എ ആന്റണി, എരുമപ്പെട്ടി ആനിമേറ്റർ ഫാ.സെബാസ്റ്റ്യൻ വെട്ടത്ത്, ചേലക്കര ആനിമേറ്റർ ഫാ.ടിങ്കിൾ വാഴപ്പിള്ളി, അതിരൂപത ജോ. സെക്രട്ടറി കേണൽ റെജീന പി.എഫ്., അതിരൂപത എക്സി. അംഗം റസിൽ കുര്യാക്കോസ്, ചേലക്കര ഫൊറോന കൺവീനർ ശ്രീ.സി.ജെ. സ്റ്റീഫൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.കൺവെൻഷനിൽ 980 പേർ പങ്കെടുത്തു.

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ദൗത്യവും നിർവ്വഹണവും എന്ന വിഷയത്തെക്കുറിച്ച് ജ്യോതി എഞ്ചി.കോളേജ് അസി.മാനേജർ റവ.ഫാ.റോയ് ജോസഫ് വടക്കൻ സംസാരിച്ചു. വേലൂർ ഫൊറോന കൺവീനർ തോംസൺ എൻ.ജെ, എരുമപ്പെട്ടി കൺവീനർ പോൾസൻ എം.ടി എന്നിവർ കൺവെൻഷന് നേതൃത്വം നൽകി.

**പാലയൂർ മേഖല**

കണ്ടശ്ശാംകടവ്, മറ്റം, പാലയൂർ, പറപ്പൂർ എന്നീ ഫൊറോനകളുടെ ഭാരവാഹികൾക്കായി സംഘടിപ്പിച്ച പാലയൂർ മേഖല കൺവെൻഷൻ മാർച്ച് 11 ഞായറാഴ്ച 2.30 ന് പാവറട്ടി പള്ളിയിൽ വച്ച് അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ അസി.ഡയറക്ടർ ഫാ.അൽജോ കരേരക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാവറട്ടി തീർത്ഥകേന്ദ്രം റെക്ടർ ഫാ.ജോസഫ് പൂവ്വത്തൂക്കാരൻ, പാലയൂർ ഫൊറോന ആനിമേറ്റർ ഫാ.ക്രിസ്റ്റോൺ പെരുമാട്ടിൽ തൃശ്ശൂർ അതിരൂപത ജനറൽ സെക്രട്ടറി ശ്രീ പോൾ പാറയ്ക്കൽ പാലയൂർ ഫൊറോന കൺവീനർ ശ്രീ ലൂക്കോസ് തലക്കോട്ടൂർ എന്നിവർ ആശംസകൾ നേർന്നു. സേവനാലയം പള്ളി വികാരി ഫാ.രാജു അക്കര ക്ലാസ്സുകൾ നയിച്ചു. കൺവെൻഷൻ കോർഡിനേറ്റർ ജോഷി കൊമ്പൻ, അതിരൂപത ജോ.കൺവീനർ ആന്റോ തോമസ്, മറ്റം ഫൊറോന കൺവീനർ അഡ്വ.കെ.ജെ. തോമസ്, കണ്ടശ്ശാംകടവ് ഫൊറോന കൺവീനർ നെൽസൺ തോലത്ത് പറപ്പൂർ ഫൊറോന കൺവീനർ ഡഗ്ലസ് ചിറമൽ എന്നിവർ നേതൃത്വം കൊടുത്ത കൺവെൻഷനിൽ 800 പേരോളം പങ്കെടുത്തു.

4 മേഖല കൺവെൻഷനും വൻ വിജയമാക്കാൻ സഹകരിച്ച ഫൊറോന വികാരിമാർ, ആനിമേറ്റർമാർ ഇടവക വികാരിമാർ, കുടുംബ കൂട്ടായ്മ അതിരൂപത ഫൊറോന, ഇടവക ഭാരവാഹികൾ തുടങ്ങി എല്ലാ

വർക്കും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ സ്നേഹം നിറഞ്ഞ നന്ദിയും സ്നേഹവും ഇത്തരുണത്തിൽ അറിയിക്കട്ടെ.

**മാതൃകാ കുടുംബ കൂട്ടായ്മ ഫോം**

കുടുംബക്കൂട്ടായ്മകളുടെ സജീവത്വവും പ്രവർത്തന കാര്യക്ഷമതയും ഊർജ്ജസ്വലതയും മനസ്സിലാക്കുന്നതിനും കൂട്ടുന്നതിനുമായി എല്ലാ കുടുംബക്കൂട്ടായ്മകളിലും ഫൊറോനകൾ മുഖേന വിതരണം ചെയ്തിരുന്ന മാതൃക കുടുംബകൂട്ടായ്മ ഫോം പൂരിപ്പിച്ച് ഈ വരുന്ന മെയ് 30 ന് മുൻപ് തൃശ്ശൂർ അതിരൂപത കുടുംബക്കൂട്ടായ്മ ഓഫീസിൽ എത്തിച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ്**
**മാർച്ച് 24 ശനി**

മെയ് മാസത്തെ കുടുംബക്കൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഏപ്രിൽ 28-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



# മാതൃവേദി

**പ്രാർത്ഥനാദിനവും കരകൗശല പ്രദർശനവും**
**ഏപ്രിൽ 12 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല പ്രാർത്ഥനാദിനമാണ് ഏപ്രിൽ 12-ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും.

തുടർന്ന് വി.കുർബ്ബാനയും വി.കുർബ്ബാനയെക്കുറിച്ചുള്ള ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ഇതേ സമയം അമ്മമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനായി അമ്മമാരുണ്ടാക്കിയ കരകൗശല പ്രദർശനവും, ഫുഡ് പ്രദർശനവും, വില്പനയും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി. ജൂലി ബാബു**
സെക്രട്ടറി




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**ഏപ്രിൽ 2 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**നേഴ്സസ് സെമിനാർ**

**ഏപ്രിൽ 14 ശനി (രാവിലെ 9.30 മുതൽ 4.00 വരെ)**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് വളരെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ മുരിങ്ങാത്തേരി ഹാളിൽ വച്ച് ഏപ്രിൽ 14–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാൻ സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# വനിതാ കമ്മീഷൻ

**നന്ദിയോടെ**

സ്ത്രീകൾക്കെതിരായി സമൂഹത്തിലും കുടുംബങ്ങളിലും നടക്കുന്ന അതിക്രമങ്ങളെ നേരിടാൻ സ്ത്രീകൾ ഇനിയും ശക്തിയാർജ്ജിക്കേണ്ടതുണ്ടെന്ന് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പറഞ്ഞു.

തൃശ്ശൂർ അതിരൂപത വനിതാകമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ടോണി പിതാവ്. സമൂഹത്തെ നന്മയിൽ ചരിപ്പിക്കാനുള്ള ഏറ്റവും വലിയശക്തി ശ്രോതസ്സ് സ്ത്രീയുടെ അമ്മ മനസാണെന്ന് അദ്ദേഹം കൂട്ടിചേർത്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. റോസ്മേരി കള്ളിയത്ത്, ശ്രീമതി നിർമ്മല കള്ളിയത്ത്, ശ്രീമതി ബീന ജോഷി, സിസ്റ്റർ നീമ ഗ്രെയ്സ് എന്നിവർ പ്രസംഗിച്ചു.

വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ മേരി ഔസേപ്പ് നീലങ്കാവിൽ, ഡോ. മേരി റെജീന, പ്രൊഫ. എലിസബത്ത് മാത്യു എന്നിവരെ യോഗത്തിൽ അനുമോദിച്ചു.

അന്നേദിനം ഏറ്റം മനോഹരമാക്കാൻ സഹകരിച്ച, സഹായിച്ച എല്ലാവർക്കും നന്ദി പറയുന്നു. വനിതാദിനം ഉദ്ഘാടനം ചെയ്ത മാർ ടോണി നീലങ്കാവിൽ പിതാവിനും എല്ലാ സംഘടനകളിലെയും വനിതാ വിഭാഗം ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ** – ഡയറക്ടർ
**പ്രൊഫ. എലിസബത്ത് മാത്യു** – പ്രസിഡന്റ്



## സെന്റ് ജോസഫ്സ് നേച്ചർ ഹോം, വരന്തരപ്പിള്ളി

# പ്രകൃതി ജീവനയോഗാശ്രമം

മാർച്ച് 19 മുതൽ വരന്തരപ്പിള്ളിയിൽ സെന്റ് ജോസഫ്സ് നേച്ചർ ഹോം എന്ന പേരിൽ പ്രകൃതി ജീവിതയോഗാശ്രമം ആശീർവദിച്ചു. ഏപ്രിൽ 1–ാം തീയതി മുതൽ നേച്ചർ ഹോം പ്രവർത്തനമാരംഭിക്കും. ഭക്ഷണം ഔഷധമാണ് എന്ന അടിസ്ഥാനതത്വത്തെ ആധാരമാക്കിയുള്ള ജീവനരീതിയാണ് പ്രകൃതി ചികിത്സ. ഏതു രോഗത്തിനും പ്രകൃതി ചികിത്സ ഫലം ചെയ്യും. സെന്റ് ജോസഫ്സ് നേച്ചർ ഹോമിൽ വന്ന് പ്രകൃതി ജീവനം ആസ്വദിക്കുവാൻ ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോസ് തെക്കേക്കര (സീനിയർ)**
ഡയറക്ടർ



# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ ക്വിസ് പഠനസഹായി –2018**

അന്തർദ്ദേശീയതലത്തിൽ നടക്കുന്ന ലോഗോസ് മത്സരങ്ങൾക്കു ചോദിക്കുവാൻ സാധ്യതയുള്ളതും, അതിരൂപതതല വെരിത്താസ് ക്വിസിലെ 75% ചോദ്യങ്ങളും ഉൾക്കൊള്ളുന്നതുമായ "സമ്പൂർണ്ണ പഠ

നസഹായി" ബൈബിൾ അപ്പസ്തൊലേറ്റിലും ബുക്ക്സ്റ്റാളുകളിലും ലഭ്യമാണ്. ഒരു പുസ്തകത്തിന് 50 രൂപ.

**ആനിമേറ്റേഴ്സ് മീറ്റിംഗ്**

ഇടവകയിലെയും സെന്ററുകളിലെയും ബൈബിൾ ആനിമേറ്റേഴ്സിന്റെ സംയുക്ത മീറ്റിംഗ് 2018 ഏപ്രിൽ 8 ന് ഞായറാഴ്ച ഉച്ചയ്ക്ക് 2.30ന് ബൈബിൾ അപ്പസ്തൊലേറ്റിൽ വെച്ച് നടത്തുന്നു. വികാരിയച്ചന്മാർ ആനിമേറ്റേഴ്സിനെ മീറ്റിംഗിന് പറഞ്ഞയക്കാൻ ശ്രമിക്കുമല്ലോ...

**ബൈബിൾ കോഴ്സ്**

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2018 ഒക്ടോബർ 1, വിശുദ്ധനാട് തീർത്ഥാടനം 2018 ആഗസ്റ്റ് 19, സെപ്റ്റംബർ 16, ഒക്ടോബർ 12, നവംബർ 2 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**ഡയറക്ടർ**




## എക്സൽ അക്കാദമി

**Excel Academy Co-Patron,** ബിഷപ്പ് മാർ ടോണി നീലങ്കാവിൽ പിതാവിന് മാർച്ച് 8-ാം തിയ്യതി Excel Academy DBCLC സെൻട്രൽ ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് സ്വീകരണം നൽകി. സ്വീകരണയോഗത്തിൽ DBCLC, Excel Academy സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിവിധ മത്സര പരീക്ഷകൾക്കായി കുട്ടികളെ ഒരു

ക്കുന്ന Excel Academy യുടെ പ്രവർത്തനങ്ങളെ അഭിവന്ദ്യപിതാവ് അഭിനന്ദിച്ചു.

കേരളസർക്കാരിന്റെ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന്റെ കീഴിൽ തൃശൂരിൽ ന്യൂനപക്ഷ യുവജന പരിശീലന ഉപകേന്ദ്രം ആരംഭിക്കുന്നതിന് **'Excel Academy'ക്ക് സർക്കാർ ഉത്തരവ് No:501/എ.ഡി.3/2018 -ന്യൂ.ക്ഷേ.ഡ.4/3/2018 പ്രകാരം അനുമതി ലഭിച്ചിരിക്കുന്നു** എന്ന വാർത്ത സന്തോഷത്തോടെ അറിയിക്കുന്നു.

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന പ്രധാന പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുവാനും, ഈ കോഴ്സുകളിൽ താൽപ്പര്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

♦ **IAS ജൂനിയർ പരീക്ഷ**

സ്കൂൾ തലത്തിൽ നടത്തിയ IAS ജൂനിയർ പരീക്ഷയുടെ ഫൈനൽ പരീക്ഷ **ഏപ്രിൽ 7-ാം തീയതി രാവിലെ 10 മണിക്ക്** അവിണിശ്ശേരി IAS ക്യാമ്പസ്സിൽ വെച്ച് നടത്തപ്പെടുന്നു.

♦ **IAS Merit Day**

**IAS Merit Day ഏപ്രിൽ 21-ാം തീയതി** IAS അവിണിശ്ശേരി ക്യാമ്പസ്സ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തും.

♦ **K-TET പരിശീലനം**

എക്സൽ അക്കാദമിയുടെ K-TET ആദ്യബാച്ചിന്റെ ഉന്നതവിജയത്തിന്റെ റിസൽട്ട് **മാർച്ച് 6-ാം** തീയതി പബ്ലിഷ് ചെയ്തു. ഉന്നത വിജയം കരസ്ഥമാക്കിയ എല്ലാ അദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും നേരുകയാണ്. ആദ്യ ബാച്ചിൽ പരീക്ഷ എഴുതിയ അദ്ധ്യാപകരിൽ 50% പേരും ഉന്നത വിജയം കരസ്ഥമാക്കിയെന്നുള്ളത് എക്സൽ അക്കാദമിയുടെ ഒരു മഹത്തായ വിജയമാണ്. രണ്ടാം ബാച്ച് പരിശീലനം **ഫെബ്രുവരി 17-ാം** തീയതി ആരംഭിച്ചു. **ശനിയാഴ്ച രാവിലെ 9.30 മുതൽ 4 മണി വരെയും ഞായറാഴ്ച ഉച്ചയ്ക്ക് 1 മണി മുതൽ 5 മണി വരെയായിരിക്കും പരിശീലനം.** രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് **Mob:- 8111842784, 9744941585**

♦ **എക്സൽ ജനറൽ ആപ്റ്റിറ്റ്യൂഡ് പരീക്ഷ**

എക്സൽ അക്കാദമി പരിശീലനത്തിനായി 2018 വർഷത്തിലേക്കുള്ള അഡ്മിഷനുവേണ്ടി ജാതിമതഭേദ്യമെന്യേ എല്ലാവരേയും ഉൾപ്പെടുത്തി ജനറൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് **ഏപ്രിൽ 14 ന് 2 മണിക്ക്** തൃശൂർ സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ വെച്ച് നടത്തപ്പെടുകയാണ്. ഇടവകതലത്തിൽ നടന്ന എക്സൽ ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ സെലക്ഷൻ ലഭിക്കാത്ത കുട്ടികൾക്ക് ഈ ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. സയൻസ്, ഹ്യൂമാനിറ്റിക്സ് എന്നിങ്ങനെ രണ്ടു വിഷയങ്ങളെ അടിസ്ഥാ

നപ്പെടുത്തി ഓരോ മണിക്കൂറിന്റെ രണ്ടു പരീക്ഷകളാണ് നടത്തപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക് **Mob:-9744941585**

♦ **ഫൊറോന തലത്തിൽ സൗജന്യ PSC സെമിനാർ**

തൃശൂർ അതിരൂപതയിലെ ഓരോ ഇടവകകളേയും ഫൊറോന തലത്തിൽ സംഘടിപ്പിച്ച, എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ PSC സൗജന്യ സെമിനാർ സംഘടിപ്പിക്കുന്നു. ഓരോ ഫൊറോനയിലേയും ഇടവകകളെ, സെമിനാറിന്റെ വിശദാംശങ്ങൾ അറിയിക്കുകയും, കുടുംബസമ്മേളന കേന്ദ്രസമിതി, KLM എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിലും ACC അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ആത്മാർത്ഥമായ സഹകരണത്തിലുമാണ് ഈ സെമിനാർ നടത്തുന്നത്. ബിഷപ്പ് ഹൗസിലെ **DBCLC Excel Academy ക്യാമ്പസ്സിൽ** വെച്ചായിരിക്കും സെമിനാർ സംഘടിപ്പിക്കുക.

കേരളഗവൺമെന്റിലെ ജോലി സാദ്ധ്യതകളെക്കുറിച്ചും PSC പരീക്ഷകളെക്കുറിച്ചും ഈ സെമിനാറിൽ വിശദീകരിക്കും. **18 വയസ്സിനും 35 വയസ്സിനും** ഇടയിലുള്ള വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും വേണ്ടിയാണ് ഈ സെമിനാർ നടത്തുന്നത്. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഈ സെമിനാറിൽ അര മണിക്കൂർ മോഡൽ PSC പരീക്ഷയുണ്ടായിരിക്കും. അതിൽ ഓരോ ഇടവകയിലേയും ഒന്നാം സ്ഥാനം നേടുന്ന വ്യക്തിക്ക് എക്സൽ അക്കാദമി PSC സൗജന്യ പരിശീലനം നൽകുന്നു. സിവിൽ പോലീസ് ഓഫീസർ, കമ്പനി ബോർഡ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് -2, സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് എന്നീ പരീക്ഷകൾക്കുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ കോഴ്സുകളിലേക്ക് പരിശീലനം നൽകുന്നുണ്ട്. **PSC, Bank Coaching വെക്കേഷൻ ക്ലാസ്സുകൾ ഏപ്രിൽ 4 ന്** ആരംഭിക്കും. **സ്ഥലം ; സെന്റ് തോമസ് കോളേജ്, ജൂബിലി ബ്ലോക്ക്. സമയം രാവിലെ 9.30 മുതൽ വൈകീട്ട് 4.00 മണി വരെ**. കൂടുതൽ വിവരങ്ങൾക്ക് **Mob:- 9495278764, 9744941585**

♦ **സൗജന്യ ബ്രിഡ്ജ് കോഴ്സ്**

മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷ എഴുതുവാൻ താൽപ്പര്യമുള്ള ഈ വർഷം 10-ാം ക്ലാസ്സ് പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്ക് 5 ദിവസം നീണ്ടുനിൽക്കുന്ന സൗജന്യബ്രിഡ്ജ് കോഴ്സ് നടത്തുന്നു. **ഏപ്രിൽ 23 മുതൽ 27 വരെ രാവിലെ 9 മുതൽ 4 വരെ** DBCLC ക്യാമ്പസ്സിൽ വെച്ചാണ് ഈ കോഴ്സ് ഒരുക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **Mob:- 9495106870, 9744941585**

♦ **സിവിൽ സർവ്വീസ് ബ്രിഡ്ജ് കോഴ്സ്**

**10, 11, 12** ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് IAS കോച്ചിങ്ങിനായി 20 ദിവസം നീണ്ടുനിൽക്കുന്ന ബ്രിഡ്ജ് കോഴ്സ് **ഏപ്രിൽ 3 മുതൽ** ആരംഭിക്കുന്നു. അവിണിശ്ശേരി സിവിൽ സർവ്വീസ് ക്യാമ്പസ്സിൽ

വെച്ചാണ് ഈ ക്ലാസ്സുകൾ ഒരുക്കിയിരിക്കുന്നത്.
കൂടുതൽ വിവരങ്ങൾക്ക് Ph:- 0487 – 2351333, 953926823

♦ **ഇന്റഗ്രേറ്റഡ് കോച്ചിങ്ങ് സെന്ററുകൾ**

എക്സൽ അക്കാദമിയുടെ ഒരു പുതിയ ആശയമായ ഇന്റഗ്രേറ്റഡ് കോച്ചിങ്ങ് സെന്ററിന്റെ ആദ്യ സംരംഭം മുല്ലശ്ശേരി ഗുഡ് ഷെപ്പേർഡ് സ്കൂളിൽ **ജൂൺ 6–ാം തീയതി ആരംഭിക്കും.**

എരുമപ്പെട്ടി നിർമ്മല സ്കൂൾ, അവിണിശ്ശേരി സെന്റ് ജോസഫ് സ്കൂൾ, തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്കൂൾ എന്നിവിടങ്ങളിലും കോച്ചിങ്ങ് സെന്ററുകൾ ഉടനെ ആരംഭിക്കും.

സ്നേഹത്തോടെ,
**റവ. ഡോ. ഡേവീസ് തെക്കേകര**



# ജീസസ് യൂത്ത്

## നേതൃത്വ പരിശീലന പരിപാടി

ജീസസ് യൂത്ത് തൃശ്ശൂർ അതിരൂപത കൗൺസിലിന്റെ നേതൃത്വത്തിൽ വളർന്നു വരുന്ന നേതൃത്വത്തിനുവേണ്ടി പരിശീലനം നൽകാൻ 'ശ്ലീഹ 2018' എന്ന പരിശീലന പരിപാടി ആരംഭിച്ചു. നാല് ഘട്ടമായി നടക്കുന്ന ഈ പരിപാടിയുടെ ആദ്യഘട്ടം ഫെബ്രുവരി 23 മുതൽ 25 വരെ ആബാ റിന്യൂവൽ സെന്ററിൽ വച്ച് നടന്നു. തിരഞ്ഞെടുക്കപ്പെട്ട 52 യുവതീയുവാക്കൾ പരിപാടിയിൽ പങ്കെടുത്തു. ജീസസ് യൂത്ത് തൃശ്ശൂർ അതിരൂപത ഡയറക്ടർ ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. തൃശ്ശൂർ ജീസസ് യൂത്ത് അതിരൂപത അസി.ഡയറക്ടർ ഫാ.ഡെന്നി ചിറയത്ത് വിശുദ്ധ കുർബാനക്ക് നേതൃത്വം നൽകി. പരിപാടിയുടെ ജനറൽ കോഡിനേറ്റർ ഫ്രിൻജോ ചിറയത്ത്, പ്രോഗ്രാം കോഡിനേറ്റർ ഡോ.ജസ്റ്റിൻ പി.ജെ എന്നിവരായിരുന്നു. ജിജോ കല്ലൂർ, സജി പന്നിയാർക്കുട്ടി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ആബാ റിന്യൂവൽ സെന്റർ ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടി, സി.മരിയ സി.എം.

സി, ജീസസ് യൂത്ത് തൃശ്ശൂർ അതിരൂപതാ കോഡിനേറ്റർ ജോസഫ് കെ.ജെ, അസി.കോഡിനേറ്റർ ജോയൽ ജോസഫ്, ആനിമേറ്റേഴ്സ് ജോസ് എം.എ, ഷൈജു മരത്താക്കര എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ




# സി.എൽ.സി.

**ലോക സി എൽ സി ദിനാഘോഷം**

2018 മാർച്ച് 25 ഞായർ ,സെന്റ് സെബാസ്റ്റ്യൻ ചർച്ച് നെല്ലിക്കുന്ന്

തൃശ്ശൂർ അതിരൂപത സി.എൽ.സി യുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ലോക സി.എൽ.സി ദിനാഘോഷം മാർച്ച് 25ന് നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് ആഘോഷിക്കുന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സി.എൽ.സി ദിനാഘോഷ പൊതുസമ്മേളനം ഉൽഘാടനം ചെയ്യുന്നു. വി.കുർബാന, സീനിയർ സി.എൽ.സി അംഗങ്ങളുടെ വ്രത വാഗ്ദാന നവീകരണം, പതാക വന്ദനം,മരിയൻ റാലി, തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവ കകളിലെ യുവജനങ്ങൾ പങ്കെടുക്കുന്ന പൊതുസമ്മേളനം,വിവിധ രംഗ ങ്ങളിൽ മികവു തെളിയിച്ച പ്രതിഭകളെ ആദരിക്കൽ, സ്നേഹവിരുന്ന് തുടങ്ങി വിപുലമായ രീതിയിൽ വിവിധപരിപാടികളാണ് 456 –ാമത് ലോക സി.എൽ.സി ദിനാഘോഷത്തോടനുബന്ധിച്ച് ഒരുങ്ങുന്നത്.

**സംസ്ഥാന സി എൽ സി സെനറ്റ്**

എറണാകുളം ആശീർ ഭവനിൽ വച്ച് നടന്ന സംസ്ഥാന സി എൽ സി യുടെ പ്രഥമ സെനറ്റ് യോഗത്തിൽ തൃശ്ശൂർ അതിരൂപത സി എൽ സിയുടെ 7 ഭാരവാഹികൾ പങ്കെടുക്കുകയുണ്ടായി. അതിരൂപത സി.എൽ. സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, അസിസന്റ് പ്രമോ ട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി എന്നിവർക്കൊപ്പം പ്രസിഡണ്ട് ശ്രീ. ജോമി ജോൺസൺ, വൈസ് പ്രസിഡണ്ട് ഡോംസൺ, ട്രഷറർ

ഐജോ പൊറുത്തൂർ, നാഷണൽ സി. എൽ.സി കൺസൾട്ടന്റ് ശ്രീ. വിനേഷ് ജെ. കോളേങ്ങാടൻ, സംസ്ഥാന സി എൽ സി വൈസ് പ്രസിഡണ്ട് ശ്രീ. ഡിൽജോ തരകൻ, രൂപത സി എൽ സി ജനറൽ കോർഡിനേറ്റർ ശ്രീ. ബിജിൽ സി ജോസഫ്, സംസ്ഥാന സി. എൽ. സി എക്സിക്യൂട്ടീവ് നോബി മേനാച്ചേരി എന്നിവരും സെനറ്റിൽ പങ്കെടുത്തു.

**പാലയൂർ ജാഗരണ പദയാത്ര**

തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് , സംസ്ഥാന സി എൽ സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്തിന് പതാക കൈമാറിക്കൊണ്ട് ജാഗരണ പദയാത്ര ഉദ്ഘാടനം ചെയ്തു. അതിരൂപത സി. എൽ. സി. അംഗങ്ങൾ പദയാത്രയ്ക്ക് നേതൃത്വം നൽകി.

**ഫോർമേഷൻ ക്യാമ്പ് – ഏപ്രിൽ 13,14,15**

ലൂർദ്ദ് ഇടവകയിൽ വച്ച് ഏപ്രിൽ 13,14,15 ദിവസങ്ങളിലായി അതിരൂപയിലെ ആദ്യത്തെ 7 ഫൊറോനകളിലെ ഇടവക സി എൽ സി ഭാരവാഹികൾക്കായി ഫോർമേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 13, വൈകീട്ട് 6.00 മണിക്ക് ആരംഭിച്ച് 15 ന് വൈകീട്ട് 4 മണിയോടെ സമാപിക്കുന്ന രീതിയിലാണ് ക്യാമ്പ് ഒരുക്കിയിരിക്കുന്നത്. ലൂർദ്ദ്, പുതുക്കാട്, പുത്തൂർ, ഒല്ലൂർ, കൊട്ടേക്കാട്, വടക്കാഞ്ചേരി, ബസിലിക്ക ഫൊറോനകൾക്കായാണ് ഈ ക്യാമ്പ് സംഘടിപ്പിക്കുന്നത്.

## സീനിയർ സി. എൽ. സി.
## കരുണാദിനത്തിൽ കരുണയോടെ

കരുണാദിനത്തിന്റെ ഭാഗമായി അതിരൂപത സീനിയർ സി.എൽ.സി.യുടെ നേതൃത്വത്തിൽ ചിറ്റിലപ്പിള്ളി ശാന്തിനികേതനിലേക്ക് സഹായം നൽകി. രോഗികൾക്ക് ഭക്ഷണം, മരുന്നുകൾ, വസ്ത്രങ്ങൾ എന്നിവയാണ് നൽകിയത്. ശാന്തിനികേതൻ മദർ സുപ്പീരിയർ സി. ലിസ്മരിയ ഉപഹാരങ്ങൾ ഏറ്റുവാങ്ങി. സി. എൽ. സി. പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് കരുണാദിനം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ബാബു അതിയുന്തൻ, സെക്രട്ടറി അലക്സ്, ജോസ്, ഷാജു ചിറ്റിലപ്പിള്ളി, വിനേഷ് ജെ. കൊളങ്ങാടൻ ബാബു ജോസഫ് എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.

**ഫാ. ജിയോ തെക്കിനിയത്ത്**

ഡയറക്ടർ




**ജാഗരണപദയാത്ര നടത്തി**

21–ാമത് പാലയൂർ മഹാ തീർത്ഥാടനത്തിന്റെ ഭാഗമായി. KCYM തൃശ്ശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ മാർച്ച് രണ്ടാം തിയതി വെള്ളി യാഴ്ച വൈകീട്ട് 9 മണിക്ക് പുത്തൻപള്ളിയിൽ നിന്ന് ആരംഭിച്ച ജാഗര ണപദയാത്ര തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത മാർ. ആൻഡ്രൂസ് താഴ്ത്ത് പിതാവ് ഡയറക്ടർ ഫാ.ഡിറ്റോ കൂളക്ക് പതാക കൈമാറി ക്കൊണ്ട് ആരംഭിച്ചു.

**രോഗീ ദിനവാരാചാരണം**

KCYM തൃശ്ശൂർ അതിരൂപത സമിതിയും, എരുമപ്പെട്ടി ഫൊറോന സമ തിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ചൊവ്വന്നൂർ മെറീന ഹോ മിൽവെച്ച് രോഗീദിനവാരാചരണവും, ഫ്രീ മെഡിക്കൽ ക്യാമ്പും, നട ത്തി. ചടങ്ങുകൾ തൃശ്ശൂർ അതിരൂപത KCYM ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു.

**പ്രസിഡന്റ്സ് മീറ്റ് നടത്തി.**

അതിരൂപതയിലെ എല്ലാ ഫൊറോനകളിലെയും ഓരോ യൂണിറ്റ് പ്രസി ഡണ്ട്മാരുടെ മീറ്റിംഗ് തൃശ്ശൂർ KCYM അതിരൂപത ഓഫീസിൽ വെച്ച് നടത്തി. വ്യത്യസ്ത ദിവസങ്ങളിലായാണ് ഓരോ ഫൊറോനയുടെയും മീറ്റിംഗ് നടത്തിയത്. മീറ്റിംഗിന് ഫാ. ഡിറ്റോ കൂള, പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ മറ്റ് രൂപത ഭാരവാഹികളും നേതൃത്വം നൽകി. യുവജന വാർഷികത്തോടനുബന്ധിച്ച് യൂണിറ്റ് ഫൊറോന സമിതിയുടെ പ്രവർത്ത നങ്ങൾ വിലയിരുത്തുന്നതിനും തുടർന്നുള്ള സുഗമമായ പ്രവർത്തന ങ്ങൾക്കും വേണ്ടിയാണ് മീറ്റിംഗ് സംഘടിപ്പിച്ചത്.

**നിഹാരിക –2018**

KCYM തൃശ്ശൂർ അതിരൂപത സമിതിയുടെയും, ഒല്ലൂർ ഫൊറോന അമ്മാടം യൂണിറ്റ് എന്നീ സമിതികളുടെ സംയുക്ത ആഭിമുഖ്യത്തിൽ അമ്മാടം സെന്റ് ആന്റണീസ് പള്ളിയിൽ വച്ച് മാർച്ച് 11 ഞായറാഴ്ച

'നിഹാരിക 2018' വനിതാദിനാചരണം നടത്തി. ദിവ്യബലിയോടെ ആരംഭിച്ച വനിതാദിനത്തിൽ, പൊതുസമ്മേളനവും വനിതാ സംഗമം, ഉണ്ടായിരുന്നു. നിഹാരിക 2018 സി. റോസ് അനിത എഫ്.സി.സി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ KCYM വനിതാ വിഭാഗം വൈസ് പ്രസിഡണ്ട് കരോളി ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് സ്നേഹവിരുന്ന് ഉണ്ടായിരുന്നു. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകളിൽ നിന്ന് വനിതകൾ പങ്കെടുത്തു.

**21–ാം പാലയൂർ തീർത്ഥാടനം**

മാർച്ച് 18ന് നടക്കുന്ന 21–ാമത് പാലയൂർ മഹാതീർത്ഥാടനത്തിന് KCYM തൃശ്ശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ വളണ്ടിയർ സേന രൂപീകരിച്ചു.

**പീഡാനുഭവ സഹനയാത്ര**

KCYM തൃശ്ശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് മൗണ്ടിലേക്ക് പീഡാനുഭവ സഹനയാത്ര മാർച്ച് 23–ാം തിയതി വെള്ളിയാഴ്ച വൈകീട്ട് 5 മണിക്ക് നടത്തുന്നു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു, റവ. ഫാ. ജെയ്സൻ സി. എം. ഐ. സമാപന സന്ദേശം നല്കി.

**യുവജനവർഷം ഉദ്ഘാടനം**

KCYM തൃശ്ശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ യുവജന വർഷം ഉദ്ഘാടനകർമ്മം മാർച്ച് 28–ാം തിയതി രാവിലെ പാവറട്ടി വി. യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ വച്ച് നടന്നു. രാവിലെ 10 മണിക്ക് ഫാ. ഡിറ്റോ കൂള, ഫാ. ജെറിൻ അരിമ്പൂർ എന്നിവർ അർപ്പിക്കുന്ന ദിവ്യബലിയോടുകൂടി ആരംഭം കുറിച്ച് യുവജനവർഷം ഉദ്ഘാടനവും രക്തദാനവും ഉണ്ടായിരുന്നു.

**2018 വർഷത്തെ കർമ്മ പദ്ധതി പ്രകാശനം ചെയ്തു.**

2018 വർഷത്തെ കർമ്മ പദ്ധതി പ്രകാശനം കെ.സി. വൈ. എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു.

**ഫാ. ഡിറ്റോ കൂള,**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

**ഹോളി കമ്മ്യൂണിയൻ ടീച്ചേഴ്സ് ട്രെയ്നിങ്ങ് പ്രോഗ്രാം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അദ്ധ്യാപകർക്കായുള്ള അർദ്ധദിന ട്രെയ്നിങ്ങ് പ്രോഗ്രാം മാർച്ച് 10-ാം തിയ്യതി ശനിയാഴ്ച്ച ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തുകയുണ്ടായി. മേരി മാതാ മേജർ സെമിനാരിയിലെ തിയോളജി പ്രൊഫസർ ബഹു. ഫാ. ബിൽജു വാഴപ്പിള്ളി ക്ലാസിനു നേതൃത്വം നല്കി. ബഹു. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. വിഷയാവതരണത്തിനിടയിൽ അദ്ധ്യാപകർക്ക് സംശയനിവാരണത്തിനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു. 125 ൽ കൂടുതൽ അദ്ധ്യാപർ പങ്കെടുത്ത ഈ മീറ്റിങ്ങ് 4 മണിയോടെ അവസാനിച്ചു.

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

**ആനിമേറ്റേഴ്സ്**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി. അൾത്താരസംഘം സംഘടനകളുടെ ആനിമേറ്റേഴ്സിനായുള്ള നേതൃത്വ പരിശീലന ക്യാമ്പ് ഏപ്രിൽ 13,14 തിയ്യതികളിൽ (വെള്ളി, ശനി) **ഡി.ബി.സി.എൽ.സി.** യിൽ വച്ച് രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകീട്ട് 4 മണിക്ക് അവസാനിക്കുന്ന രീതിയിൽ ക്രമീകരിക്കുന്നുണ്ട്.

**കുട്ടികൾക്കുള്ള നേതൃത്വ പരിശീലന ക്യാമ്പുകൾ കുരിയച്ചിറ, സെന്റ് പോൾസ് സി.ഇ.എച്ച് എസ്. ൽ വച്ചാണ് നടത്തപ്പെടുന്നത്**

**സ്പർശ് 2018 :**

ഇടവകകളിലും സ്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം കുട്ടികൾക്ക് ഏപ്രിൽ 17,18,19 (ചൊവ്വ, ബുധൻ, വ്യാഴം) തിയ്യതികളിൽ സ്പർശ് 2018 നടത്തുന്നതായിരിക്കും.

**ക്രിസ്ത്യൻ ലൈഫ് 2018 :**

ജൂനിയർ സി. എൽ. സി. കുട്ടികൾക്ക് ഏപ്രിൽ 19, 20, 21 (വ്യാഴം,

വെള്ളി, ശനി) തിയ്യതികളിൽ ക്രിസ്ത്യൻ ലൈഫ് 2018 നടത്തുന്നതായിരിക്കും.

**ബെർക്കുമെൻസ് 2018 :**

അൾത്താരസംഘം കുട്ടികൾക്ക് ഏപ്രിൽ 22, 23, 24 (ഞായർ, തിങ്കൾ, ചൊവ്വ) തിയ്യതികളിൽ ബെർക്കുമെൻസ് 2018 നടത്തുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

1. ആനിമേറ്റേഴ്സിനുള്ള ക്യാമ്പ് രണ്ട് ദിവസങ്ങളിലായി രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. താമസ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.
2. തിരുബാലസംഖ്യം, ജൂനിയർ സി എൽ സി കുട്ടികൾക്കായുള്ള ക്യാമ്പുകൾ ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് മൂന്നാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലും, **അൾത്താരസംഘം കുട്ടികൾക്ക് 22–ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 4 ന് ആരംഭിച്ച്** 24–ാം തിയ്യതി വൈകീട്ട് 4 ന് അവസാനിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.
3. എല്ലാ ക്യാമ്പുകളിലും ഒരു യൂണിറ്റിൽ നിന്ന് സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന 2 പേരെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. സ്പർശ് 2018 ലും ക്രിസ്ത്യൻ ലൈഫ് 2018 ലും ഒരു ആൺകുട്ടി, ഒരു പെൺകുട്ടി എന്ന രീതീയിൽ 2 കുട്ടികളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കുമല്ലോ.
4. ക്യാമ്പ് ദിവസങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവാദമില്ല.
5. രജിസ്ട്രേഷൻ ഫീ (ഒരാൾക്ക്) 100 രൂപയാണ്.
6. ക്യാമ്പുകളിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്പുസ്തകം, പേന, ബെഡ് ഷീറ്റ്, പുതപ്പ് മുതലായ അത്യാവശ്യ സാധനങ്ങൾ കൊണ്ടുവരേണ്ടതാണ്.

**എയ്ഞ്ചലോസ് 2018:**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ **2018 മെയ് 20–ന്** അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മുതൽ 4 മണിവരെ **കുരിയച്ചിറ, സെന്റ് ജോസഫ് സ്കൂളിൽ** വച്ച് സ്വീകരണം നല്കുന്നു. എല്ലാ ഇടവകളിൽ നിന്നും സഹകരണം പ്രതീക്ഷിക്കുന്നു.

## RAINBOW, COLOURS, HESED

തിരുബാലസഖ്യം (സ്കൂളുകൾ ഉൾപ്പെടെ), ജൂനിയർ സി.എൽ.

സി., അൾത്താരസംഘം എന്നീസംഘടനകൾക്ക് ഏക ദിന പരിശീലന ക്യാമ്പുകൾ (RAINBOW, COLOURS, HESED) സംഘടിപ്പിക്കേണ്ട താണ്. സഹായ സഹകരണങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസു മായി ബന്ധപ്പെടേണ്ടതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "നിങ്ങളുടെ ഹൃദയം അസ്വാസ്ഥമാകേണ്ടാ ദൈവത്തിൽ വിശ്വസിക്കുക എന്നിലും വിശ്വസിക്കുക" (യോഹ 14:1)

**സുകൃതജപം:** സഹായകനായ പരിശുദ്ധാത്മാവേ എനിക്ക് കൂട്ടായിരി ക്കേണമേ

**പ്രാർത്ഥനാനിയോഗം:** വൈദിക സമർപ്പിത ദൈവവിളി ധാരാളം ഉണ്ടാ കുവാൻ

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. സെറാഫീന

**പ്രവർത്തനം :** സാധിക്കുന്ന ദിവസങ്ങളിൽ വി. കുർബാനയിൽ പങ്കെ ടുക്കുക

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

## KCSL അതിരൂപത ക്യാമ്പ് സമാപിച്ചു

KCSL തൃശ്ശൂർ അതിരൂപതാ നേതൃത്വപരിശീലനക്യാമ്പ് സമാ പിച്ചു. 82 പേർ പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ റവ. ഫാ. ബോബി തറ ക്കുന്നേൽ, അജിത് പോൾ എന്നിവർ ക്ലാസ്സെടുത്തു.

**2018 – 2019 അദ്ധ്യയന വർഷത്തേക്ക് പുതിയ വിദ്യാർത്ഥി ഭാരവാഹികൾ**

2018 – 2019 അദ്ധ്യയന വർഷത്തേക്കുള്ള KCSL തൃശ്ശൂർ അതിരൂപതാ വിദ്യാർത്ഥി ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ഡോ. പി.വി. ആന്റോ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി

Chairperson

ANNJOE P BABY (Nirmal Jyothi CS Mundur)

General Secretary-

LIKHIL ANTO (St Marys HS Chengalur)

Secretary

EDWIN THOMAS (St Thomas College HSS TSR)
DIVYA BENNY (St Marys CGHS Ollur)
JOHN PP (Nirmala CUPS Ayyanthole)
JEWEL AJU (St Theresas GHS Brahmakulam)

Executive Members

ARDRA (Holy Family CGHS Chembookavu)
SHYBIN (St Gemmas CUPS Manakkody)

**സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് വരാപ്പുഴയിൽ**

KCSL സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് 2018 ഏപ്രിൽ 23 മുതൽ 26 വരെ വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്നു. ക്യാമ്പിലേക്ക് നമ്മുടെ അതിരൂപതയിൽനിന്ന് എല്ലാ വിദ്യാർത്ഥികളും നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. മറ്റ് അംഗങ്ങൾക്കും പങ്കെടുക്കാം അതിരൂപതാ ഭാരവാഹികളിൽനിന്ന് ഒരു തരത്തിലുള്ള ഫീസും ആവശ്യപ്പെടുന്നില്ല. മറ്റ് KCSL അംഗങ്ങൾ യാത്രാ ചെലവ് വഹിക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഓർഗ്ഗനൈസറുമായി ഫോണിൽ ബന്ധപ്പെടുക (ഫോൺ : 9446229267)

**ഓഖി ദുരിതാശ്വാസ ഫണ്ട്**

KCSL തൃശ്ശൂർ അതിരൂപത ഓഖി ദുരിത ബാധിതർക്കായി പിരിച്ചെടുത്ത ഫണ്ട് കൈമാറുന്നതിന് മെയ് മാസത്തിൽ തിരുവനന്തപുരത്തേക്ക് പോകുന്നു. അതിരൂപതാ ഭാരവാഹികളുടെ കൂടെ KCSL അംഗങ്ങൾക്ക് അവരവരുടെ ആനിമേറ്റർമാർ സഹിതം ഈ യാത്രയിൽ പങ്കുചേരാം. താൽപര്യമുള്ളവർ പ്രസിഡന്റിനെ അറിയിക്കുക. (ഫോൺ : 9446230473)

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




**തൃശൂർ അതിരൂപത**

**2018 ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ട്**

**1. സംസ്ഥാന അവാർഡ് തൃശ്ശൂരിന്**

ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള സംസ്ഥാനസമിതിയുടെ അവാർഡ് (രണ്ടാം സ്ഥാനം) തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതിക്ക് ലഭിച്ചു. 2018 ഫെബ്രുവരി 23ന് പി. ഒ. സി. യിൽ വച്ച് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിയിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങി. കഴിഞ്ഞവർഷം മൂന്നാം സ്ഥാനത്തായിരുന്നു തൃശ്ശൂർ. വാർഷികസമ്മേളനത്തിൽ ക്ലാസ്സെടുത്തത് തൃശ്ശൂർ ഡയറക്ടറച്ചനാണ്. പ്രവർത്തകർക്കെല്ലാം ഒത്തിരി നന്ദിയും അഭിനന്ദനങ്ങളും.

**2. മദ്യവിരുദ്ധ ഞായർ ദിനാചരണം**

സംസ്ഥാന സമിതിയുടെ ആഹ്വാനപ്രകാരം ഫെബ്രുവരി 18 മദ്യവിരുദ്ധ ഞായറായി ആചരിച്ചു. അതിരൂപതാ തലത്തിലുള്ള പരിപാടി യൂണിറ്റിന്റെ സഹകരണത്തോടെ എരനെല്ലൂർ പള്ളിയിൽ അരങ്ങേറി. ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി. പതാക ഉയർത്തലും, മദ്യവിരുദ്ധ പ്രതിജ്ഞ എടുക്കലും ഉണ്ടായിരുന്നു. ഇടവക വികാരി റവ: ഫാ. ജോസഫ് മുരിങ്ങാത്തേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**a. മദ്യവിരുദ്ധ ഞായർ ആചരണം കുരിയച്ചിറയിൽ**

കുരിയച്ചിറ സെന്റ് ജോസഫ് പള്ളിയിൽ ഇടവക അസി. വികാരി ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് വിശുദ്ധ കുർബ്ബാനയർപ്പിച്ച് മദ്യവിരുദ്ധ ഞായറിനെക്കുറിച്ച് സന്ദേശം നൽകി. കുർബ്ബാനക്കുശേഷം പള്ളിയങ്കണത്തിൽ അതിരൂപത ഡയറക്ടർ ഡോ. ദേവസ്സി പന്തല്ലൂക്കാരൻ രചിച്ച "മദ്യത്തിനെതിരെ മല്ലടിച്ച 3 മറുനാടൻ മഹാരഥന്മാർ" എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചു. മധുര പലഹാരവിതരണത്തിന് അസി. വികാരി പ്രിൻസ് ചിരിയങ്കണ്ടത്ത് തുടക്കം കുറിച്ചു. അതിരൂപത പ്രസി

ഡന്റ് ശ്രീ. എം. കെ. ബാബു അദ്ധ്യക്ഷനായിരുന്നു. ഇടവക പ്രസിഡന്റും മുൻ രൂപത സെക്രട്ടറിയുമായ ഇ.എ. ജോസഫ് മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**b. എരവിമംഗലം ഇടവകയിൽ**

പുത്തൂർ ഫൊറോനയിൽപ്പെട്ട എരവിമംഗലം ഇടവക വികാരിയും ഫൊറോന പ്രമോട്ടറുമായ ഡോ. തോമസ് എടക്കുളത്തൂർ വിശുദ്ധ കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. കുർബ്ബാനയ്ക്കുശേഷം മദ്യവിരുദ്ധ സമിതിയുടെ പതാക ഉയർത്തി. ഇടവക പ്രസിഡന്റ് മാർട്ടിൻ കോയിക്കര മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**c. പുറനാട്ടുകര ഇടവകയിൽ**

കൊട്ടേക്കാട് ഫൊറോനയിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ ഇടവക വികാരിയുടെ കാർമികത്വത്തിൽ ദിവ്യബലിയും മദ്യവിരുദ്ധ ഞായറിന്റെ പരിപാടികളും അരങ്ങേറി. ഫാ. ജോസ് അറങ്ങാശ്ശേരി പതാകയുയർത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. കെ.സി ആന്റണി മദ്യ വിരുദ്ധ പ്രതിജ്ഞാ വാചകം ചൊല്ലികൊടുത്തു.

**d. കരുമത്ര ഇടവകയിൽ**

വടക്കാഞ്ചേരി ഫെറോനയിൽപ്പെട്ട കരുമത്രയിൽ പള്ളി വികാരി ഫാ. ജോബി പൂത്തൂർ വിശുദ്ധ കുർബ്ബാനയർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നൽകി. കുർബ്ബാനയെ തുടർന്ന് പതാക ഉയർത്തി അതിരൂപത ട്രഷർ ശ്രീ. ഫ്രാൻസീസ് തേർമഠം മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു.

**3. ഫെബ്രുവരി 25 ഞായർ കുടുംബ നവീകരണ ധ്യാനം**

ഫെബ്രുവരി 25 ന് കാലത്ത് 10 മണിക്ക് അതിരൂപത ഡയറക്ടർ റവ. ഫാദേവസ്സി പന്തല്ലൂക്കാരന്റെ വിശുദ്ധ കുർബ്ബാനയോടുകൂടി നവീകരണധ്യാനം ആരംഭിച്ചു. കുർബ്ബാനക്കു ശേഷം തൃശ്ശൂർ പാസ്റ്റൽ സെന്ററിൽ ചേർന്നയോഗം ഇരിഞ്ഞാലക്കുട മദ്യവിരുദ്ധ സമിതി ഡയറ്കടർ റവ.ഫാദർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ബ്രദർ കാനം ജോസ് മദ്യവിരുദ്ധ പ്രവർത്തകർക്ക് നവീകരണ ക്ലാസെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം 2 മണിയോടെ കുടുംബ നവീകരണ ധ്യാനം പര്യവസാനിച്ചു. പ്രസ്ഥാനത്തിന് വേണ്ടി ഡയറക്ടറച്ചൻ വിരചിച്ചതും സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തതുമായ "മദ്യത്തിനെതിരെ മല്ലടിച്ച മൂന്നു മറുനാടൻ മഹാരഥന്മാർ" എന്ന ബോധവത്ക്കരണ ഗ്രന്ഥത്തിന്റെ കോപ്പികൾ യൂണിറ്റ് ഭാരവാഹികൾക്ക് വിതരണം ചെയ്തു.

**4. പുതിയ ഭാരവാഹികൾ**

അതിരൂപത മദ്യവിരുദ്ധസമിതിയുടെ ഭാരവാഹികളായിരുന്ന ഫ്രാൻസിസ് തേർമഠം, സുനീഷ് സ്രാമ്പിക്കൽ, മാത്യു ചക്കാലക്കൽ എന്നിവർക്കു

പകരം യഥാക്രമം ജോസ് വേലൂക്കാരൻ (ട്രഷറർ), സി. പി. ഡേവിസ് (വൈസ് പ്രസിഡന്റ്), ജോൺസൻ കുന്നപ്പിള്ളി (ജോ. സെക്രട്ടറി) എന്നിവർ തെരഞ്ഞെടുക്കപ്പെട്ട വിവരം അറിയിക്കുന്നു. സ്ഥാനമൊഴിഞ്ഞവർക്ക് നന്ദി. നവസാരഥികൾക്ക് വിജയാശംസകൾ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ജനറൽ ബോഡി മീറ്റിങ്ങ് ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് 2018 ഫെബ്രുവരി 27–ന് വൈകീട്ട് രണ്ട് മണിക്ക് പ്രാർത്ഥനയോടെ ആരംഭിച്ചു. 60 പേർ പങ്കെടുത്ത മീറ്റിങ്ങിൽ സി.എൻ.ജി.ഐ. വൈസ് പ്രസിഡണ്ട് റവ. സി. ലിസറ്റ് സി.എം.സി. സ്വാഗതമാശംസിച്ചു. നേഴ്സുമാർ തങ്ങളുടെ സ്നേഹശുശ്രൂഷയുടെ ഭാവം മാറ്റം വരുത്താതെ നിലനിർത്തണമെന്നും, സി.എൻ.ജി.ഐ. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് സംഘടിതമായി മുന്നേറണമെന്നും മോൺ. ഫാ. ജോർജ്ജ് കോമ്പാറ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ എടുത്തുപറഞ്ഞു. റിപ്പോർട്ട് സെക്രട്ടറി സി.റൊസീന എഫ്.സി.സി..യും, കണക്ക് വൈസ് പ്രസിഡണ്ട് സി.ലിസറ്റ് സി.എം.സി.യും അവതരിപ്പിച്ചു. തുടർന്ന് പ്രസിഡണ്ട് റവ.സി.ദെപ്പാസി സി.എസ്.സി., ഏഴര വർഷത്തോളം സി.എൻ.ജി.ഐ.യെ ധീരതയോടെ ആത്മീയമായും ഭൗതികമായും ഉയർത്തിയ റവ.ഫാ. സിജോ അരിക്കാട്ടിന് നന്ദിയും ഉപഹാരവും നൽകുകയും ചെയ്തു. പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത റവ. ഫാ. പോൾ കള്ളിക്കാടന് ജനറൽ ബോഡിയിൽ സ്വാഗതമാശംസിച്ചു. തുടർന്ന് റവ.ഫാ.സിജോ തന്റെ മറുപടി പ്രസംഗത്തിൽ എല്ലാവർക്കും നന്ദിപറയുകയും സി.എൻ.ജി.ഐ.ക്ക് സർവ്വ പിന്തുണയും പ്രാർത്ഥയും ആശംസിക്കുകയും ചെയ്തു. പിന്നീട് പുതിയ ഡയറക്ടർ തന്നെ സ്വയം പരിചയപ്പെടുത്തുകയും സന്ദേശം

നൽകുകയും പുതിയ കർമ്മപരിപാടികൾ അവതരിപ്പിക്കുകയും സി.എൻ.ജി.ഐ.യെ ട്രസ്റ്റായി രൂപീകരിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വൈകീട്ട് നാലു മണിക്ക് യോഗം സമംഗളം സമാപിച്ചു.

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ

## സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



എല്ലാവർക്കും ഈസ്റ്ററിന്റെ മംഗളങ്ങളും പ്രാർത്ഥനയും നേരുന്നു. തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായസഭയുടെ മാസ മീറ്റിംഗ് വടക്കാഞ്ചേരി ARC യിൽ വെച്ച് 11.03.2018 ഞായറാഴ്ച പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി, പ്രവർത്തനങ്ങൾ വിലയിരുത്തി. യോഗത്തിൽ ഫാ.ഷിന്റോ ഞർളേലി, ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതകുളത്ത്, പി.ഐ. സൈമൺ, സെലീന ജോൺ, ഡോ. ജെറി ജോസഫ്, കെ.ജി. ജേക്കബ്, വി,എൽ.സൈമൺ, ജോസ് പീറ്റർ എന്നിവർ പങ്കെടുത്തു. അതിരൂപതയിലെ മിക്ക യൂണിറ്റുകളിലും ഇലക്ഷൻ കഴിഞ്ഞു. പുതിയ ഭാരവാഹികളെ അനുമോദിക്കുകയും സ്ഥാനമൊഴിഞ്ഞവർക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. അതിന് നേതൃത്വം നൽകിയവരേയും സഹകരിച്ചവരേയും പ്രത്യേകം ഓർക്കുന്നു.

മെയ് മാസത്തിൽ അതിരൂപത അസംബ്ലിയ്ക്ക് പാസ്റ്ററൽ കൗൺസിലിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരിൽ അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കനും സെക്രട്ടറി പി.ഐ.സൈമനും ഉൾപ്പെടുന്നു. രണ്ടുപേരേയും യോഗം അഭിനന്ദിച്ചു. ഗുരുവായൂർ യൂണിറ്റിന്റെ 50–ാം വാർഷികത്തിന്റെ സമാപന സമ്മേളനത്തോടനുബന്ധിച്ചു ഫെബ്രുവരി 14 ന് ആലഞ്ചേരി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിരൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. മുൻ ഡയറക്ടർമാരും ഭാരവാഹികളും പങ്കെടുത്തു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap. -** ഡയറക്ടർ

# THRISSUR Kalasadan

**മാർഗ്ഗംകളി മത്സരം – '18**

തൃശൂർ അതിരൂപത കലാ- സാംസ്കാരിക സംഘടനയായ കലാസദന്റെ നേതൃത്വത്തിൽ മാർഗ്ഗംകളി മത്സരം സംഘടിപ്പിക്കുന്നു. 2018 ഏപ്രിൽ 15 ന് (ഞായർ) കേരള സാഹിത്യ അക്കാദമി ഹാളിൽ ഒരുക്കുന്ന മത്സരത്തിൽ ഇടവക/സംഘടന/വിദ്യാഭ്യാസതലത്തിലുള്ള 20 ടീമുകൾക്ക് പങ്കെടുക്കാം. വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫിയും സമ്മാനമായി നൽകും.

ഒന്നാം സമ്മാനം : 10,000/- രൂപയും ട്രോഫിയും
രണ്ടാം സമ്മാനം : 7,500/- രൂപയും ട്രോഫിയും
മൂന്നാം സമ്മാനം : 5,000/- രൂപയും ട്രോഫിയും

കൂടുതൽ വിവരങ്ങൾക്ക്: *Office* : **2336306** *Joint Convenor* : **9995436920** *Convenor* : **9633932887**

**സംഗീതപരിശീലന ക്ലാസുകൾ**

അതിരൂപത കലാസദന്റെ നേതൃത്വത്തിൽ 40 വർഷത്തിലേറെയായി നടത്തപ്പെടുന്ന സംഗീത പരിശീലന പരിപാടിയിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ (ലണ്ടൻ ട്രിനിറ്റി സ്കൂൾ ഓഫ് മ്യൂസിക്കിന്റെ അംഗീകാരമുള്ളത്) ആരംഭിച്ചിരിക്കുന്നു. കാച്ചേരി മഡോണ നഗറിലെ സെന്റ് മേരീസ് മൈനർ സെമിനാരിക്ക് സമീപമുള്ള കലാസദൻ ആർട്ട് അക്കാദമിയിലാണ് **വയലിൻ, ഗിറ്റാർ, കീബോർഡ്, തബല, വോക്കൽ** എന്നിവയിൽ വിദഗ്ദരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ ക്ലാസുകൾ ഒരുക്കിയിട്ടുള്ളത്. ഞായറാഴ്ചകളിൽ 2.00 PM മുതൽ 4.00 PM വരെയായിരിക്കും പരിശീലനം. താൽപര്യമുള്ളവർ ബന്ധപ്പെടുക

*Office* : **0487 2336306** *(11.00 AM - 6.00 PM)*
*Office Secretary* : **8547139463**
*Co-ordinator* : **9744386108**

**നൃത്തപരിശീലന ക്ലാസുകൾ**

അതിരൂപത കലാസദന്റെ നേതൃത്വത്തിൽ നൃത്തപരിശീലന ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. തൃശൂർ Pastoral Centreലുള്ള കലാസദൻ ഓഫീസിൽ എല്ലാ ശനിയാഴ്ചകളിലാണ് പരിശീലന ക്ലാസുകൾ. നൃത്തപരിശീലന രംഗത്തെ പ്രഗത്ഭരായ അദ്ധ്യാപികമാരുടെ ശിക്ഷണത്തിലുള്ള നൃത്തപരിശീലന ക്ലാസിൽ ഏപ്രിൽ ആരംഭത്തിൽ

പുതിയ ബാച്ച് ആരംഭിക്കുന്നു. പെൺകുട്ടികൾക്കും വനിതകൾക്കും പ്രത്യേക ക്ലാസു കൾ ഉണ്ടായിരിക്കുന്നതാണ്.

*Office* : **2336306** *Joint Convenor* : **9995436920**
*Convenor* : **9633932887**

**കലാസദൻ തേൻതുള്ളികൾ**

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി ഏറെ ജനകീയമായ " കലാസദൻ തേൻതുള്ളികൾ" സംഗീതപരമ്പരയുടെ രണ്ടാംഭാഗം 2018 മെയ് 19 ന് തൃശൂർ DBCLC AC ഓഡിറ്റോറിയത്തിൽ ആരംഭിക്കും. ഒരുവർഷ കാലയളവിൽ ഒന്നിടവിട്ടുള്ള മാസ ങ്ങളിൽ മുന്തിയ 6 വ്യത്യസ്ത സംഗീതവിരുന്നുകളാണ് ഒരുക്കുന്നത്. ക്ഷണിക്കപ്പെട്ട പരിമിത അംഗങ്ങൾക്കുമാത്രമായ് പ്രവേശനമുള്ള ഈ സംരംഭത്തിന്റെ അംഗത്വത്തിനും കൂടുതൽ വിവരങ്ങൾക്കും ഓഫീസുമായോ (0487 2336306), 9447111998 (കൺവീ നർ), 9847336688 (ജോ. കൺവീനർ), 8547139463 (ഓഫീസ് സെക്രട്ടറി) എന്നീ നമ്പ റുകളിലോ ബന്ധപ്പെടാവുന്നതാണ്.

**Dr. Paul Pulikkan**
*(Secretary, Kalasadan)*




## കത്തോലിക്ക കോൺഗ്രസ്

**സാഹോദര്യത്തോടുകൂടിയുള്ള കൂട്ടായ്മ കാത്തുസൂക്ഷിക്കണം**

സാഹോദര്യത്തോടുകൂടിയുള്ള കൂട്ടായ്മകൾ കാത്തു സൂക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് കത്തോലിക്ക കോൺഗ്രസ് നേതൃത്വം നൽകണമെന്ന് തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ. കത്തോലിക്ക കോൺഗ്രസ് ശതാബ്ദി സമാപന സമ്മേളനത്തിന്റെ സ്വാഗത സംഘം രൂപീകരണ സമ്മേളനം തൃശൂരിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്പ്. പരസ്പരം വിശ്വസിക്കാവുന്നതും, സ്നേഹിക്കാവുന്നതും, സഹായക മാവുന്നതുമായ കൂട്ടായ്മകൾക്ക് സമൂഹത്തിൽ വളരെ പ്രാധാന്യമുണ്ട്.

മതേതരത്വം രാഷ്ട്രപുരോഗതിക്ക് എന്ന മുദ്രാവാക്യവുമായി മെയ് 13 ന് സമുദായ മഹാ സംഗമവും, റാലിയും നടത്തുന്നതിനുള്ള 501 അംഗ സ്വാഗത സംഘം രൂപീകരിച്ചു. കർദ്ദിനാൾ മാർ ജോർജ്ജ്

ആലഞ്ചേരി മുഖ്യ രക്ഷാധികാരിയും ആർച്ച് ബിഷപ്പുമാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജോർജ്ജ് ഞരളക്കാട്ട്, മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പെരുന്തോട്ടം ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ എന്നിവർ രക്ഷാധികാരികളും കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. ജിയോ കടവി ചെയർമാനും, പ്രസിഡന്റ് ബിജു പറയന്നിലം, ജനറൽ കൺവീനറായും, ജനറൽ സെക്രട്ടറി ടോണി പുഞ്ചക്കുന്നേൽ ചീഫ് കോർഡിനേറ്ററായും, പ്രൊഫ. കെ. എം. ഫ്രാൻസിസ്, ബിജു കണ്ടുകുളം എന്നിവർ കൺവീനർമാരായുള്ള സ്വാഗത സംഘമാണ് തൃശൂർ അതിരൂപതാ ഡയറക്ടർ ഫാ. വർഗ്ഗീസ് കുത്തൂർ പ്രഖ്യാപിച്ചത്.

ശതാബ്ദിയോടനുബന്ധിച്ച് ഏപ്രിൽ മാസത്തിൽ ഇന്റർ ഡയസീസ് വോളിബോൾ ടൂർണമെന്റ് പാലായിൽ നടത്തുവാനും, ഏപ്രിൽ 26 ന് ശതാബ്ദി പ്രാർത്ഥനാ ദിനമായി ആചരിക്കാനും തീരുമാനിച്ചു. ഏപ്രിൽ 29 ന് എല്ലാ ഇടവക യൂണിറ്റും കത്തോലിക്ക കോൺഗ്രസ് പതാക ഉയർത്തി പതാക ദിനം ആചരിക്കുവാനും, മെയ് 6 ന് ശതാബ്ദി വിളംബര ജാഥ എല്ലാ മേഖലകളിലും നടത്തുവാനും തീരുമാനിച്ചു. മെയ് 11 ന് മൺമറിഞ്ഞ സമുദായ നേതാക്കളുടെ ഛായാചിത്ര പ്രയാണം തൃശൂർ സമ്മേളന നഗരിയിലേക്ക് നടത്തും. മെയ് 12 ന് ഗ്ലോബൽ വർക്കിങ്ങ് കമ്മറ്റിയും, മെയ് 13 ന് സമുദായ മഹാ സമ്മേളനവും റാലിയും, മെയ് 14 ന് തെരഞ്ഞെടുക്കപ്പെട്ട സമുദായ പ്രതിനിധി സമ്മേളനവും നടത്തും.

**ഫാ. വർഗ്ഗീസ് കുത്തൂർ**
അതിരൂപതാ ഡയറക്ടർ



## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ഹോറെബ് 2018**

പാരിഷ് മിനിസ്ട്രിയുടെ പ്രതിമാസ കൂട്ടായ്മ മാർച്ച് 5 തിങ്കളാഴ്ച ഹൊറേബ് 2018 എന്ന പേരിൽ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. കോയമ്പത്തൂർ ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ

ഫാ. ആന്റണി പച്ചപ്പിള്ളി വചനശുശ്രൂയ്ക്കും ദിവ്യകാരുണ്യാരാധനയ്ക്കും നേതൃത്വം നൽകി.

**ഫയർ ഫെലോഷിപ്പ് 2018**

പ്രാർത്ഥനാ കൂട്ടായ്മകളിലെ ലീഡർ,സെക്രട്ടറി, ട്രഷറർ, സബ്സോൺ സർവീസ് ടീം അംഗങ്ങൾ മിനിസ്ട്രികളുടെ സോണൽ തലത്തിലുള്ള സർവീസ് ടീം അംഗങ്ങൾ എന്നിവരുടെ പരിശീലന പരിപാടിയായ ഫയർ ഫെലോഷിപ്പിന്റെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കും. മാർച്ച് 24 ന് ആബാ റിന്യൂവൽ സെന്ററിൽ നടക്കുന്ന പരിപാടിയിൽ കെ.എസ്.ടി വൈസ് ചെയർമാൻ ഷാജി വൈക്കത്തു പറമ്പിൽ വചനപഠനത്തിനു നേതൃത്വം നൽകും.

**ഫാ. സജീവ് ഇമ്മട്ടി – ഡയറക്ടർ**




**സെന്റ് വിൻസെന്റ് ഡി പോൾ**

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെൻട്രൽ കൗൺസിൽ വാർത്തകൾ

1. സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് പ്രാർത്ഥന ഉപവാസദിനം ആചരിച്ചു. അതിരൂപത ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി വിശുദ്ധബലിയർപ്പിച്ചു. റവ. ഫാ. സിജോ തയ്യാലയ്ക്കൽ ആരാധനയ്ക്ക് നേതൃത്വം നൽകി.

   ജപമാല, കുരിശിന്റെ വഴി എന്നിവയ്ക്ക് സിസ്റ്റർ റീന ജെയിംസും ബ്ര. കെ. എം. ഫ്രാൻസിസും നേതൃത്വം നൽകി.
2. സെൻട്രൽ കൗൺസിൽ പ്രസിഡണ്ട് ബ്ര. കെ.എ. ഷിബുവിന്റെ പിതാവിന്റെ നിര്യാണത്തിൽ സെൻട്രൽ കൗൺസിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
3. വടക്കാഞ്ചേരി ഏരിയ കൗൺസിൽ പുതിയ പ്രസിഡണ്ടായി ബ്ര.

എം.വി. ജോസ് സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു. 6 വർഷം വടക്കാഞ്ചേരി എ.സി. പ്രസിഡണ്ടായി സേവനം ചെയ്ത മുൻപ്രസിഡണ്ട് ബ്ര. റെസിൽ കുരിയാക്കോസിന് സി.സി. യുടെ നന്ദി രേഖപ്പെടുത്തി.

4. സി. സി. അംഗങ്ങളുടെ കുടുംബസംഗമം സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്തു. സി.സി. വൈ. പ്രസിഡണ്ട്. ബ്ര. കെ.എം. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. അംഗങ്ങൾക്കായി നടത്തിയ വിവിധ മത്സരങ്ങൾക്ക് ബ്ര. ജോജു ഫ്രാൻസിസ്, ബ്ര. ടോമി ജോസഫ്, ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, ബ്ര. സി.ജെ. ഷാജൻ എന്നിവർ നേതൃത്വം നൽകി.
5. 2017-18 ലെ വാർഷിക കണക്കുകൾ സി.സി.യിൽ 30-04-2018 ന് മുമ്പ് ലഭിക്കേണ്ടതാണ്.
6. ഏപ്രിൽ മാസത്തെ സി.സി. യോഗം 08-04-2018 ന് നടത്തുന്നു. ആയതിനാൽ എ.സി. യോഗങ്ങൾ 15-04-2018 ന് നടത്തുക.
7. സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് നടത്തുന്നു. മാർച്ച് 31-ന് മുമ്പ് ടീമുകൾ പേര് റജിസ്റ്റർ ചെയ്യേണ്ടതാണ്.
8. കാരുണ്യസ്പർശം ചികിത്സാ സഹായം 28-02-2018 വരെ 10,67,800 രൂപ വിതരണം ചെയ്തു.

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ആദ്ധ്യാത്മികോപദേഷ്ടാവ്

# കെ. എൽ. എം.

**ദൈവാലയ ശുശ്രൂഷികളുടെ മാസധ്യാനം**

കെ. എൽ. എം സാക്രിസ്റ്റൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്കും മറ്റുജീവനക്കാർക്കുമായി നോമ്പുകാലത്ത് ഒരു ഏകദിനധ്യാനം 2018 ഫെബ്രുവരി 15 വ്യാഴാഴ്ച്ച രാവിലെ 10.30 ന് ബഹു. ഫാ. ബാബു ചിരിയങ്കണ്ടത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ സെന്റ് ആൻസ് ദൈവാലയത്തിൽ സംഘടിപ്പിക്കപ്പെട്ടു. പരിപാടികൾ നാലുമണിക്ക് സമാപിച്ചു.

**കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം ജില്ലാ സമ്മേളനം**

കെ. എൽ. എം നേതൃത്വം നല്കുന്ന കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറത്തിന്റെ ജില്ലാ സമ്മേളനം തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിൽ വച്ച് 2018 ഫെബ്രുവരി 18 ന് സംഘടിപ്പിച്ചു. ഇതിന്റെ

ഭാഗമായി ഐകെയർ ആശുപത്രിയുടെ നേതൃത്വത്തിൽ നേത്രപരിശോധന നടത്തി. തുടർന്ന് വാഹനവിളംബര ജാഥ തൃശ്ശൂർ ട്രാഫിക് പ്രിൻസിപ്പൽ എസ്. ഐ. ശ്രീ. സുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു.

**കേരള ലേബർ മൂവ്മെന്റ് തൃശ്ശൂർ മേഖലസമ്മേളനം**

കെ. എൽ. എം തൃശ്ശൂർ മേഖലയിലെ രൂപത ഡയറക്ടർമാരടേയും മുൻ കെ.എൽ.എം. ക്യാമ്പുകളിൽ പങ്കെടുത്തവരുമായ സിസ്റ്റേഴ്സിന്റെയും സംയുക്തയോഗം ഫെബ്രുവരി 22നു വ്യാഴാഴ്ച്ച രാവിലെ 10.30ന് സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ മുഖ്യസന്ദേശം നല്കി.

**കേരള ലേബർ മൂവ്മെന്റ് നേതൃസമ്മേളനം**

തൃശ്ശൂർ അതിരൂപതയിലെ കെ. എൽ. എം ഇടവകയൂണിറ്റുഭാരവാഹികളുടെ നേതൃസംഗമം അരണാട്ടുകര ഇടവകയിൽ ഫെബ്രുവരി 25നു നടത്തി. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നും 274 പ്രതിനിധികൾ പങ്കെടുത്തു.

**വനിതാദിനാഘോഷവും വനിതതൊഴിലാളിസംഗമവും**

2018 മാർച്ച് 8ന് ചിറ്റാട്ടുക്കരയിൽ കെ. എൽ. എം നേതൃത്വത്തിൽ വനിതാദിനാഘോഷവും വനിതതൊഴിലാളിസംഗമവും നടന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരി തോമസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് തൊഴിൽ സാധ്യതകളും സംരഭങ്ങളും തുടർ പരിശീലനങ്ങളും എന്ന വിഷയത്തിൽ തൃശ്ശൂർ ജില്ലാ അസി. ഇൻഡസ്ട്രിയൽ ഓഫീസർ ശ്രീമതി ലിനോ ജോർജ്ജ് സി. സെമിനാർ നയിച്ചു. കെ. എൽ. എം. ജനറൽ സെക്രട്ടറി ശ്രീമതി മോളി ജോബി, എഫ്.സി.സി. പ്രൊവിൻഷ്യൽ സി. റോസ് അനിത, ശ്രീ. റോണി പൗലോസ് എന്നിവരെ പ്രത്യേകം ആദരിച്ചു. കെ. എൽ. എം പരസ്പര സഹായ സാമൂഹ്യസുരക്ഷ പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ പങ്കാളികളാക്കിയ ഏനമ്മാവ്, എടക്കളത്തൂർ, കൊഴുക്കുള്ളി യൂണിറ്റുകളെ ആദരിച്ചു.

**കേരള ലേബർ മൂവ്മെന്റ് മെയ്ദിനാഘോഷം**

2018 മെയ് 1ന് രാവിലെ 9മണിക്ക് തൊഴിലാളി റാലിയും 10ന് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും 11.30നു രാഷ്ട്രീയ-സാമൂഹ്യ-ആത്മീയ നേതാക്കളും തൊഴിലാളി നേതാക്കളും പങ്കെടുക്കുന്ന തൊഴിലാളി സംഗമവും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോർജ്ജ് നിരപ്പുകാലായിൽ**
ഡയറക്ടർ

## പാലയൂർ മഹാതീർത്ഥാടനം : പദയാത്രകൾ (2018 മാർച്ച് 18)









Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 25.03.2018
April- 2018







പാലയൂർ മഹാതീർത്ഥാടനം : സമാപനം (2018 മാർച്ച് 18)

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
Printed at : St. Mary's Orphanage Press, Madona Nagar, Kachery 680 005